നം.കെ.എസ്.എ.-കെ.ടി.എം.പി4-1526/2017 തീയതി : 20.10.2017

# കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 03.10.2017-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും പഞ്ചായത്തിന്റെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2017 മുതൽ 28.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം. എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ ചെറിയാൻ മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ കെ. ആർ രാധാകൃഷ്ണൻ | 01.04.2016 മുതൽ 31.07.2016 വരെ |
| | അൻസു ഒ. എ. (സെക്രട്ടറി i/c) | 01.08.2016 മുതൽ 12.10.2016 വരെ |
| | ശ്രീ ജയകുമാർ റ്റി. ബി. (സെക്രട്ടറി i/c) | 13.10.2016 മുതൽ 20.12.2016 വരെ |
| | ശ്രീ ബെന്നി ജേക്കബ് | 21.12.2016 മുതൽ 31.03.2017 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | അൻസു ഒ. എ. | 01.04.2016 മുതൽ 12.10.2016 വരെ |
| | ശ്രീ ജയകുമാർ റ്റി. ബി | 13.10.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മിനി എസ്. തമ്പി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ജയശ്രീ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഡോളിമോൾ പി. ജോർജ് | 01.04.2016 മുതൽ 20.08.2016 വരെ |
| | ഡോ. ജയദേവൻ | 21.08.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീജാ രാധാകൃഷ്ണൻ | 01.04.2016 മുതൽ 03.10.2016 വരെ |
| | കെ. മനോഹരൻ | 04.10.2016 മുതൽ 16.12.2016 വരെ |

| | | |
|---|---|---|
| | രേവതിക്കുട്ടി കെ. ആർ | 17.12.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ലേഖ എം. തമ്പി | 01.04.2016 മുതൽ 31.03.2017 വരെ |
| | ലിഷാ പി. ജോസ് | 01.04.2016 മുതൽ 25.12.2016 വരെ |
| | ശ്രീ മുഹമ്മദ് ഷാഫി | 26.12.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ. വിമി ഇക്ബാൽ | 01.04.2016 മുതൽ 20.06.2016 വരെ |
| | ഡോ. ധന്യാ സുശീലൻ | 21.06.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. ഗീത ശ്രീനിവാസൻ | 01.04.2016 മുതൽ 20.01.2017 വരെ |
| | ഡോ. സുമ | 21.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. ജിയോ പി. എൻ | 01.04.2016 മുതൽ 01.06.2016 വരെ |
| | ഡോ. ആശാമോൾ റ്റി. സി. | 02.06.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീലത സി. കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ – LSGD | ശ്രീ സനീഷ് കെ. ബി. | 01.04.2016 മുതൽ 31.03.2017 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം **1** -- പൊതു അവലോകനം | |
| 1-1 | ഓഡിറ്റ് ലക്ഷ്യം,മാനദണ്ഡം |
| 1-2 | ബജറ്റ് – വിശകലനം |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-5 | സാമ്പത്തിക വിശകലനം |
| 1-6 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-7 | തനത് വരുമാനം |
| 1-8 | പദ്ധതി അവലോകനം |
| 1-9 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 1-11 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-13 | അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ |
| 1-14 | ഓഡിറ്റ് ഇംപാക്റ്റ് |
| ഭാഗം **2** -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | വസ്തുനികുതിപരിഷ്കരണം -അടിസ്ഥാനനികുതിനിരക്കുകൾ നിശ്ചയിച്ചത് സർക്കാർ ചട്ടപ്രകാരമല്ല |
| 2-3 | കെട്ടിടത്തിന്റെ ക്രമവൽക്കരണം ,വസ്തുനികുതിനിർണയം എന്നിവയിലെ അപാകത |
| 2-4 | വസ്തുനികുതി പരിഷ്കരണം -വിശദാംശങ്ങൾ |
| 2-5 | കെട്ടിടത്തിന്റെ വസ്തുനികുതി നിർണയത്തിലെ അപാകത |
| 2-6 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല |
| 2-7 | സ്വകാര്യ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല |
| 2-8 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-9 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-നടപടിക്രമങ്ങളിലും രേഖകളിലും അപാകതകൾ |
| 2-10 | ഇ-ടെൻഡർ പ്രവർത്തികളുടെ ടെൻഡർ ഫീയിനത്തിലുള്ള തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല |
| 2-11 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല |
| 2-12 | ദുരിതാശ്വാസനിധി |
| 2-13 | പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല |

| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|
| 3-1 | ആശ്രയ-ഒന്നാംഘട്ടപദ്ധതിയ്ക്കായി ലഭിച്ച പദ്ധതിപ്പണം ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-2 | വിൻഡോ പരസ്യം നല്കാതിരുന്നതു മൂലം അധികച്ചെലവ് |
| 3-3 | പുന്നയ്ക്കാമറ്റം-പൂതക്കുഴി റോഡ്ടാറിംഗ്- കൺവീനർക്ക് 24,241/-രൂപ അധികം അനുവദിച്ചു |
| 3-4 | ടെൻഡർ വ്യതിയാനം കുറവുചെയ്തില്ല 24,697/-രൂപയുടെ അധികച്ചെലവ് |
| 3-5 | റോഡ്ടാറിംഗ്പ്രവൃത്തികൾ- ഗുണമേൻമ ഉറപ്പുവരുത്താതെ പരിശോധനയും ഉപരിപരിശോധനയും നടത്തി മൂല്യം നിർണ്ണയിച്ചു |
| 3-6 | വാറ്റുപുരകുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 3-7 | 11-ാം പദ്ധതിക്കാലത്ത് ആരംഭിച്ച ചാത്തമല കുടിവെള്ള പദ്ധതി-നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ല |
| 3-8 | വേസ്റ്റ് ബിൻ സ്ഥാപിക്കൽ- തുടർ പ്രവർത്തനങ്ങൾ നടത്തി പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ് |
| 3-9 | മരാമത്ത് വേലകൾ- ഫയലുകളിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
| 3-10 | 35,120/- രൂപയുടെ ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല |
| 3-11 | ആയുർവേദ മരുന്നുകൾ പൂർണമായും ലഭ്യമായില്ല |
| 3-12 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-13 | കന്നുകുട്ടി പരിപാലനം |
| 3-14 | മീഡിയാശ്രീപദ്ധതി- വീഡിയോഡോക്കുമെന്റേഷന്റെ സി.ഡി നാളിതുവരെ ലഭ്യമായിട്ടില്ല |
| 3-15 | കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തപ്പെടാതെ സ്കൂളുകളും അങ്കനവാടികളും പ്രവർത്തിച്ചു |
| 3-16 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | നോട്ടിഫിക്കേഷനിലെ പിഴവ് മൂലം അടിസ്ഥാനവസ്തുനികുതിനിർണയത്തിൽ കുറവ് വന്നതിന്റെ വിവരം (ഉദാഹരണങ്ങൾ) |
| അനുബന്ധം-3 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം-4 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-5 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്വങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വസ്തുനികുതി, തൊഴിൽനികുതി, വാടക, ലേലം, കെട്ടിടനിർമാണപെർമിറ്റുകൾ, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം. ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെ ചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതിമെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ് - വിശകലനം

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് ബി-ഫണ്ട് ഉൾപ്പടെ | യഥാർത്ഥത്തിലുള്ളത് ബി-ഫണ്ട് ഉൾപ്പടെ | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 12,937,585/- | 13,422,261/- | 484,676/- | - | (+)3.75 |
| വരവ് | 105,710,750/- | 78,348,264/- | - | 27,362,486/- | (-)25.88 |
| ആകെ | 118,648,335/- | 91,770,525/- | - | 26,877,810/- | (-)22.65 |
| ചെലവ് | 117,231,200/- | 71,017,511/- | - | 46,213,689/- | (-)39.42 |
| നീക്കിയിരിപ്പ് | 1,417,135/- | 20,753,014/- | 19,335,879/- | - | (+)1364.4 |

ബജറ്റിൽ പ്രതീക്ഷിത വരവ്-ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം ഏകദേശം 25 ശതമാനത്തോളം എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുടെ പകുതിയോളം കൂടുതലായി കണക്കാക്കിയതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2017 ആണ്. ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 30.05.2017-ലെ 1(2)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ച 2016-17 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 20.06.2017 ലെ A0-1/2017 നം. കത്ത് പ്രകാരം 21.06.2017 തീയതിയിൽ തപാലിലും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

2016-17 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

2016-17 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 13,422,261/- |
| വരവ് | 52,409,634/- |
| ആകെ | 65,831,895/- |
| ചെലവ് | 45,078,881/- |

| | |
|---|---|
| നീക്കിയിരിപ്പ് | 20,753,014/- |

## 1-6 ഫണ്ട് വിനിയോഗം - വിശകലനം

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ സംസ്ഥാന ബജറ്റിലെ അലോട്ട്മെന്റ്, കൺസോളിഡേറ്റഡ് ഫണ്ടിൽ ലഭ്യമായ അലോട്ട്മെന്റ്, വിവിധ ഫണ്ടുകളുടെ പഞ്ചായത്ത് അക്കൗണ്ടിലൂടെയുള്ള വിനിയോഗം, വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെപ്പോയ തുക (അലോട്ട്മെന്റ് നീക്കിയിരിപ്പ്) എന്നിവയുടെ വിശദാംശം താഴെ ചേർക്കുന്നു. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

| ഫണ്ടിനം | മുൻബാക്കി | 2016-17 ൽ ലഭിച്ച അലോട്ട്മെന്റ് | ചെലവ് തുക | ചെലവ് ശതമാനം(%) | അലോട്ട്മെന്റ് നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 9,609,479/- | 9,609,479/- | 100 | 0 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 3,017,301/- | 2,375,593/- | 78.73 | 641,708/- |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 159,120/- | 100,000/- | 62.85 | 59,120/- |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 10,162,854/- | 7,269,794/- | 71.53 | 2,893,060/- |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 2,619,723/- | 2,505,664/- | 95.65 | 114,059/- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5,388,786/- | 5,127,877/- | 95.16 | 260,909/- |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2,982,651/- | 1,965,088/- | 65.88 | 1,017,563/- |

തൻവർഷം പൊതുവിഭാഗം വികസനഫണ്ട് അലോട്ട്മെന്റ് തുക മുഴുവനായും ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചു. സംരക്ഷണഗ്രാന്റ്-നോൺറോഡ്, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയും അലോട്ട്മെന്റ് തുകയുടെ 95 ശതമാനത്തിലധികം ചെലവഴിച്ചു. പഞ്ചായത്തിന് 2016-17 വർഷം അലോട്ട്മെന്റ് ലഭിച്ച ആകെ ഗ്രാന്റ് തുകയായ 33,939,914/- രൂപയിൽ 28,953,495/- രൂപയും ചെലവഴിച്ചു (ചെലവ്- 85.31%).

## 1-7 തനത് വരുമാനം

വാർഷിക കണക്കുകൾ പ്രകാരം തൻവർഷ വരുമാനവും മുൻവർഷ വരുമാനവും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശകലനം താഴെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം (+)/(-) | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3,226,182/- | 8,175,940/- | (+)4,949,758/- | (+)153.4 |
| നികുതിയേതര വരവുകൾ | 588,789/- | 1,752,059/- | (+)1,163,270/- | (+)1.98 |
| മറ്റുവരവുകൾ | 55,713/- | 77,498/- | (+)21,785/- | (-)39.1 |
| ആകെ | 3,870,684/- | 10,005,497/- | (+)6,134,813/- | (+)158.5 |

## 1-8 വർഷികപദ്ധതി അവലോകനം

2016-17 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിവരം, ലഭ്യമായ ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 2,074,495/- | 2,074,495/- | 100 |
| വെറ്ററിനറി സർജൻ | 7 | 7 | 2,465,683/- | 2458446/- | 99.71 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 3 | 3 | 580,000/- | 580,000/- | 100 |
| മെഡിക്കൽഓഫീസർ-ആയുർവേദം | 2 | 2 | 550,000/- | 550,000/- | 100 |
| മെഡിക്കൽഓഫീസർ-ഹോമിയോ | 1 | 1 | 250,000/- | 250,000/- | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 12 | 12 | 5,281,954/- | 4,835,914/- | 91.56 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 3,392,901/- | 3,109,065/- | 91.63 |
| സെക്രട്ടറി | 35 | 25 | 11,110,021/- | 8,073,515/- | 72.67 |
| അസിസ്റ്റന്റ് എൻജിനീയർ | 71 | 41 | 16,450,381/- | 9,039,215/- | 54.95 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 400,000/- | 400,000/- | 100 |
| ഹെഡ് മാസ്റ്റർ | 2 | 2 | 250,000/- | 250,000/- | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 3,385,220/- | 2,553,341/- | 75.43 |
| ആകെ | 151 | 110 | 46,190,655/- | 34,173,991/- | 73.98 |

പദ്ധതി രൂപീകരണം

2016-17 പദ്ധതിരൂപീകരണത്തിൽ ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആദ്യ ഗ്രാമസഭ എല്ലാ വാർഡുകളിലും 2016 ജൂൺ മാസത്തിൽ മാത്രമാണ് കൂടിയിട്ടുള്ളത്. പ്രസ്തുത ഗ്രാമസഭകളിൽ വച്ച് വാർഡ് വികസനസമിതി, അയൽസഭ, വാർഷികപദ്ധതി രൂപീകരണം എന്നിവ സംബന്ധിച്ച ചർച്ചകൾ നടക്കുകയുണ്ടായി. പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും കരട് പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു.

പദ്ധതി അംഗീകാരം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിക്ക് പഞ്ചായത്ത്കമ്മിറ്റിയുടെ 28-7-16-ലെ 8-ാം നമ്പർ തീരുമാനപ്രകാരം സാമ്പത്തികാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 24-5-17-ലെ 490/16/ഡി.പി.സി/ഡി.പി.ഓ /കോട്ടയം നമ്പർ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 4,61,90,655/-രൂപ വകയിരുത്തിയതിൽ 3,41,73,991/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശങ്ങൾ ഖണ്ഡിക 1-8-ൽ വിശദീകരിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം

അഗീകാരം കിട്ടിയ 151 പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 110 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വാർഷിക പദ്ധതിക്കായുള്ള വകയിരുത്തലിന്റേയും ചെലവിന്റേയും ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ചെലവ്ശതമാനം |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 9629879 | 9609479 | 99.79 |
| എസ്.സി.പി | 4554746 | 2375593 | 52.16 |
| റ്റി.എസ്.പി | 159120 | 100000 | 62.85 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 5388786 | 5127877 | 95.16 |
| ലോകബാങ്ക് ധനസഹായം | 2982651 | 1965088 | 65.88 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 1418000 | 1228852 | 86.66 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 449175 | 324500 | 72.24 |
| തനതുഫണ്ട് | 4364133 | 1251539 | 28.68 |
| ബ്ലോക്ക് വിഹിതം | 300000 | 100000 | 33.33 |
| ജില്ലാപഞ്ചായത്ത് വിഹിതം | 200000 | 200000 | 100 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 11308854 | 7269794 | 64.28 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3292251 | 2505664 | 76.11 |
| മറ്റുള്ളവ | 2143060 | 2115605 | 98.72 |
| ആകെ | 46190655 | 34173991 | 73.98 |

പൊതുവിഭാഗം വികസനഫണ്ട് 99.79 ശതമാനവും ധനകാര്യക്കമ്മീഷൻഗ്രാന്റ്, ഗുണഭോക്തൃവിഹിതം എന്നിവ വകയിരുത്തിയതിന്റെ 90 ശതമാനത്തിനുമേലും ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെങ്കിലും എസ്.സി.പി, റ്റി.എസ്.പി. ഫണ്ടുകൾ, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവുശതമാനം കുറഞ്ഞതും, ബ്ലോക്ക് വിഹിതം വകയിരുത്തിയതുക ലഭിക്കാതിരുന്നതും കാരണം വാർഷികപദ്ധതിയുടെ ആകെ ചെലവ് ശതമാനം 73.442 ആയി കുറയുന്നതിനിടയായി.

ഗ്രാമസഭകളുടെ പ്രവർത്തനം

2016-17 വർഷത്തെ ആദ്യഗ്രാമസഭ 24-4-16-ൽ വിവിധ വാർഡുകളിൽ കൂടുകയുണ്ടായി. പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി മഴക്കാലപൂർവ്വശുചീകരണം, പഞ്ചായത്ത് ശാക്തീകരണം എന്നിവ സംബന്ധിച്ച സ്പെഷ്യൽ ഗ്രാമസഭയാണ് ഇപ്രകാരം കൂടിയിട്ടുള്ളത്. തൻവർഷം 5 തവണ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമസഭാമിനിറ്റ്സുകളിൽ പദ്ധതിനിർദ്ദേശങ്ങളും യോഗതീരുമാനങ്ങളും രേഖപ്പെടുത്തി കോ-ഓർഡിനേറ്ററും വാർഡുമെമ്പർമാരും സാക്ഷ്യപ്പെടുത്തി തൃപ്തികരമായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

2016-17 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2 തവണ വീതം യോഗം ചേർന്നിട്ടുണ്ടെങ്കിലും സജീവമായ ചർച്ചകളിലൂടെ പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിച്ചിട്ടില്ല എന്ന് മിനിറ്റ്സ് രേഖകൾ വ്യക്തമാക്കുന്നു. മിനിറ്റ്സിൽ യോഗ തീയതിയും ചർച്ചാവിഷയങ്ങൾ രേഖപ്പെടുത്താതെയും കൺവീനറും ചെയർമാനും സാക്ഷ്യപ്പെടുത്താതെയും സൂക്ഷിച്ചിട്ടുണ്ട്. ഉദാഹരണമായി ചെറുകിടവ്യവസായ വർക്കിംഗ് ഗ്രൂപ്പ് 2 തവണ കൂടിയിട്ടുണ്ടെങ്കിലും യോഗംചേർന്ന തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന്റെ 27-7-16-ലെ യോഗമിനിറ്റ്സിൽ ചർച്ചാവിഷയങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

വാർഷികപദ്ധതിരൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതും ഇത് സംബന്ധിച്ച രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-9 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 84,600/- | 60 |
| കർഷകതൊഴിലാളി പെൻഷൻ | 4,063,430/- | 457 |
| വിധവാപെൻഷൻ | 5,222,720/- | 524 |
| വാർദ്ധക്യകാലപെൻഷൻ | 13,751,965/- | 1687 |
| വികലാംഗപെൻഷൻ | 2,216,025/- | 244 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 484,490/- | 52 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180,000 | 6 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2017 തീയതിയിൽ 3.10 പി.എം.-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2,016/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകളും ഓഡിറ്റിന്റെ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

തൊഴിൽനികുതി : പഞ്ചായത്ത് പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളുടെയും ട്രേഡ്സിന്റേയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ക്രമീകരിക്കേണ്ടതാണ്. സ്ഥാപനം/ട്രേഡ്സ് തൊഴിൽ നികുതിയുടെ കൃത്യമായ ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കേണ്ടതാണ്.

ബിൽഡിങ്ങ് പെർമിറ്റ് : രജിസ്റ്ററിൽ പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകളുടെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വരവിന്റെ ആകെത്തുക രജിസ്റ്ററിൽ കണക്കാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പെർമിറ്റ് എടുത്ത എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി

നിർണ്ണയിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ഉതകുന്ന രീതിയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഡി & ഓ ട്രേഡ് ലൈസൻസ് : പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിലുള്ള ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ടെയ്ഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ-വ്യവസായങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി നടപടികൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കേണ്ടതാണ്.
പാരാമെഡിക്കൽ/ട്യൂട്ടോറിയൽ രജിസ്ട്രേഷൻ : പഞ്ചായത്ത് പരിധിയിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എല്ലാ വർഷവും പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മരാമത്തുവേലകളുടെ നിർവ്വഹണം

പൊതുമരാമത്തുവേലകളുടെ ഫയലുകൾ പരിശോധിച്ചതിൽ ഫയലുകളിലൊന്നും റിക്കവറികൾ അടവാക്കുന്നതിന്റെ രേഖകൾ സൂക്ഷിച്ചു കാണുന്നില്ല. വാറ്റ് അടവാക്കിയ ഒരു മെഷീൻജനറേറ്റഡ് ചെലാൻ സൂക്ഷിച്ചിട്ടുള്ളതിൽ തുക മാത്രം രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ ട്രഷറിയുടെ സീലോ മറ്റ് രേഖപ്പെടുത്തലുകളോ ഇല്ല. തനതുഫണ്ടിൽനിന്നുള്ള വർക്കുകളുടെ കാര്യത്തിലും ഈ അപാകത കാണുന്നു. പൂർത്തീകരിച്ച ചില വർക്കുകൾക്ക് പേമെന്റ് നടത്തിയിട്ടില്ലാത്തത് സംബന്ധിച്ച്, പരാതി ഉണ്ടായതിനാലാണ് പേമെന്റ് വൈകിക്കുന്നതെന്ന് വാക്കാൽ അറിയിക്കുകയും എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം പ്രതികൂലകാലാവസ്ഥയിൽ നിർമ്മാണത്തിന് നാശം സംഭവിച്ചതാണെന്ന് രേഖാമൂലവും വിശദീകരിക്കുകയുണ്ടായി. കൂടാതെ അസിസ്റ്റന്റ് എൻജിനീയർ ചെക്ക്മെഷർ ചെയ്യാതെ പേമെന്റിനുള്ള ട്രഷറി നടപടികൾ പൂർത്തീകരിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാ-കുളത്തൂർ കൾച്ചറൽ സെന്റർ മെയിന്റനൻസ്.
മേൽവിവരങ്ങളിൽനിന്നും പൊതുമരാമത്തുവേലകളുടെ നടത്തിപ്പിലും മേൽനോട്ടത്തിലുമുണ്ടായിട്ടുള്ള പാളിച്ചകളും ചെലവുരേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിലെ അനാസ്ഥയും ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും വ്യക്തമാകുന്നു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2017 | 08/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.2016 മുതൽ 20.08.2016 വരെ | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ.(എച്ച്.ക്യൂ.) II/8A-2491/202 തീയതി-07.10.2016 |

## 1-13 അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ

2016-17 വർഷം അസിസ്റ്റൻറ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ആകെ 71 പ്രോജക്ടുകൾക്കാണ് അംഗീകാരം കിട്ടിയിരുന്നത്. ഇതിൽ 26 സ്പിൽഓവർ പ്രോജക്ടുകളും 45 പുതിയ പദ്ധതികളും ഉൾപ്പെടുന്നു. നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെചേർക്കുന്നു.

| പ്രോജക്ടുകൾ | അംഗീകാരം കിട്ടിയത് | നടപ്പാക്കിയത് | ശതമാനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമനം |
|---|---|---|---|---|---|---|
| പുതിയവ | 45 | 27 | 60.00% | 1,64,50,381 | 90,39,215 | 54.95% |
| സ്പിൽ ഓവർ | 26 | 14 | 53.85% | | | |
| ആകെ | 71 | 41 | 57.75% | | | |

എൽ.എസ്.ജി.ഡി വിഭാഗത്തിൽ ജീവനക്കാരുടെ അപര്യാപ്തത

ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഒരു തസ്തികയും ഓവർസിയർമാരുടെ 2 തസ്തികയും ഉൾപ്പെടെ ആകെ 3 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഓവർസിയറുടെ 1 തസ്തിക ദീർഘനാളായി ഒഴിഞ്ഞുകിടക്കുകയാണ്. മാത്രമല്ല അസിസ്റ്റന്റ് എൻജിനീയർക്ക് ഒന്നിലധികം പഞ്ചായത്തുകളുടെ ചാർജ്ജ് വഹിക്കേണ്ട സാഹചര്യവും നിലനിൽക്കുന്നു. ആയതിനാൽത്തന്നെ പഞ്ചായത്തിന്റെ വാർഷികപദ്ധതി പ്രകാരമുള്ള എല്ലാ പ്രവൃത്തികളും സ്ഥലം സന്ദർശിച്ച് നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. കൂടാതെ ക്ലറിക്കൽ സ്ററാഫ് ഇല്ലാത്തതിനാൽ പ്രവൃത്തിനിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ

തയ്യാറാക്കി ക്രമീകരിക്കുന്നതിനും ട്രഷറി ഡ്യൂട്ടി ചെയ്യുന്നതിനും മറ്റും നിലവിലുള്ള ജീവനക്കാർ അപര്യാപ്തമാണ്. പ്രസ്തുത സാഹചര്യം പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനും ഫയലുകളുടെ കൃത്യമായ സൂക്ഷിപ്പിനും തടസ്സമാകുന്നു എന്ന് വ്യക്തമാണ്. ആയതിനാൽ ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ഓഡിറ്റ് ഇംപാക്റ്റ്

1) 2016-17 വാർഷികപദ്ധതിപ്രകാരം ടെൻഡർ മുഖേന നടപ്പാക്കിയ റോഡ്ടാറിംഗ് പ്രവൃത്തികളുടെ ബിൽ തയ്യാറാക്കിയപ്പോൾ കരാറുകാർ ക്വോട്ട് ചെയ്തിരുന്ന ടെൻഡർവ്യതിയാനം പരിഗണിക്കാതിരുന്നതിനാൽ കരാറുകാർക്ക് അർഹമായതിനേക്കാൾ അധികതുക നൽകുന്നതിനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് | ആകെ വേലമൂല്യം | കരാറുകാരന് അർഹമായ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| മേലേത്ത്-ചാലപ്പള്ളി റോഡ് റീടാറിംഗ് | ജോസഫ് സെബാസ്റ്റ്യൻ | 8.11% കുറവ് | 2,99,016/- | 2,54,052/- | 2,76,760/- | 22,708/- |
| വട്ടംതൊട്ടിയിൽ -പഴത്തോടം റോഡ് മെയിന്റനൻസ് | കെ.ജെ.ജോൺ | 8.00% കുറവ് | 1,94,491/- | 1,66.318/- | 1,80,704/- | 14,386/- |
| ആകെ | | | | | | 37,094/- |

മേൽപ്പറഞ്ഞപ്രകാരം കരാറുകാർക്ക് അധിക തുക നൽകിയത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കരാറുകാരിൽനിന്നും അധികംനൽകിയ തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കുകയും 3-10-17-ൽ രണ്ട് പ്രവൃത്തികളിലും കരാറുകാർക്ക് അധികമായി നൽകിയിരുന്ന 22,708/-രൂപയും 14,386/-രൂപയും യഥാക്രമം 117060101957/03.10.17, 117060101962/03.10.17 നമ്പർ രസീതുകൾപ്രകാരം ബന്ധപ്പെട്ട കരാറുകാർ പഞ്ചായത്ത്ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത്ഫണ്ടിൽ അടവാക്കിയിട്ടുള്ള തുകകൾ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

**1-14 (2)** കെട്ടിടത്തിന്റെ ക്രമവത്ക്കരണ ഫീസ് ഈടാക്കി.

ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ ബീന വിഷ്ണു എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ കെട്ടിടത്തിന് 70/B (തറ വിസ്തീർണ്ണം-230.32 ചതുരശ്രമീറ്റർ) എന്ന നമ്പർ നൽകി 2016-17 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ഈ കെട്ടിടം പെർമിറ്റില്ലാതെ നിർമ്മിച്ചതാണെന്നും ക്രമവത്ക്കരണം നടത്തി നമ്പർ നൽകിയതാണെന്നും കാണുന്നു. കെട്ടിടത്തിന്റെ ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15) പ്രകാരം 2303/- രൂപ (03.10.2017 ലെ 117060101942-ാം നമ്പർ രസീത്) ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 2,429,851/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 75,872,750/- രൂപയും ചെലവ് 73,442,899/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 65,831,895/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 45,078,881/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 20,753,014/- രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 47,031,680/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 30,447,646/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ

ജനറൽ ഫണ്ട് 16,584,034/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.
3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കിയിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയുടെ ആകെ ഭൂമിയുടെ മൂല്യം 1.2 ലക്ഷം രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്.

4) 320100116 ശീർഷകത്തിലുള്ള 118,025/- രൂപയുടെ വിശദാംശം ലഭ്യമല്ല.
5)സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡി.സി.ബി-യുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6) സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2 സ്ഥാപനങ്ങളുടെ 2016-17 ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല. 2,500/- രൂപ ഡിമാന്റ് ചെയ്തിട്ടുള്ളതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ധനകാര്യ പത്രിക 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 ൽ ടി തുക അവശേഷിക്കുന്നില്ല. ഇതിൽ 1,250/- രൂപ 2017-18 വർഷം അടവാക്കിയിട്ടുണ്ട്.
7) 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ 460100102-Permanent Advance/Imprest ശീർഷകത്തിൽ 200/- രൂപ ഇംപ്രസ്റ്റ് ആയി ചേർത്തിട്ടുണ്ടെങ്കിലും ടി തുകയും ഇംപ്രസ്റ്റ് രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
8) S0117/17 നം. പ്രോജക്റ്റിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 2 ലക്ഷം രൂപ ചെലവഴിച്ചത് പഞ്ചായത്തിന്റെ സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
9) 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ലെ ഡെപോസിറ്റ് തുകകളുടെ തൻവർഷത്തെ പ്രാരംഭ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ബന്ധപ്പെട്ട രജിസ്റ്ററിൽ ലഭ്യമല്ല.
10) 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 ലെ 431910101-State Govt. Cesses/levies in Property Taxes – Control Account പ്രകാരമുള്ള ലൈബ്രറി സെസ്സ് ലഭിക്കാനുള്ള തുക ലഭിക്കാനുള്ള വസ്തുനികുതി തുകയുടെ 5% അല്ല.
പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിലും അക്കൗണ്ടിങ്ങിലും മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. നിലവിൽ കണക്കാക്കിയ ജനറൽ ഫണ്ടിന്റ കൃത്യത വ്യക്തമല്ല.

## 2-2 വസ്തുനികുതിപരിഷ്കരണം -അടിസ്ഥാനനികുതിനിരക്കുകൾ വിജ്ഞാപനം ചെയ്തതിലെ പിഴവ് മൂലം ഭീമമമായ നഷ്ടം.

കേരള പഞ്ചായത്ത് രാജ് ആക്ട് 203 (3)-ാം വകുപ്പ് പ്രകാരം കെട്ടിടങ്ങളുടെ ഇനം അനുസരിച്ച്, സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഒരു ചതുരശ്രമീറ്റർ തറവിസ്തീർണത്തിന് എന്ന തോതിൽ അതത് ഇനം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിനിരക്കുകൾ നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ച് അതത് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം വിവിധ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണത്തിന് സർക്കാർ വിജ്ഞാപനം ചെയ്ത കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15.10.2011 ലെ IV(1)-ാം നമ്പർ തീരുമാനപ്രകാരം വിവിധങ്ങളായ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് പ്രാഥമീകമായി നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്കുകൾ പ്രസിദ്ധം ചെയ്ത് പൊതുജനങ്ങളിൽ നിന്ന് ആക്ഷേപം ക്ഷണിക്കൽ ഉൾപ്പടെയുള്ള നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19.12.2011 ലെ 4-ാം നം.തീരുമാനം പ്രകാരം അന്തിമമായി പ്രാബല്യത്തിൽ വരുത്തേണ്ട നിരക്കുകൾ നിശ്ചയിച്ചിരുന്നു. അന്തിമമായി നിരക്ക് നിശ്ചയിച്ചതിൽ പാർപ്പിടാവശ്യത്തിനും വിദ്യാഭാസാവശ്യത്തിനുമുള്ള ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനവസ്തുനികുതി നിരക്കിൽ നേരിയ കുറവ് വരുത്തുന്നതിനും മറ്റ് വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ആദ്യം നിശ്ചയിച്ച നിരക്ക് മാറ്റമില്ലാതെ തുടരുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ

വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി തയ്യാറാക്കിയ നോട്ടീസിൽ താഴെ പട്ടികയിൽ പറയുന്ന വിഭാഗം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് കമ്മറ്റി അന്തിമമായി നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് കാണിക്കുകയും പ്രസ്തുത നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. നോട്ടീസ് തയ്യാറാക്കിയതിൽ കടന്നുകൂടിയ ഗുരുതരമായ പിഴവ് മൂലം പട്ടികയിൽ വിവരിക്കുന്ന വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നികുതി ചുമത്തി ഈടാക്കിവരുന്നു. തന്മൂലം ഗ്രാമപഞ്ചായത്തിന് ഭീമമായ റവന്യൂ നഷ്ടം ഇതിനോടകം ഉണ്ടാകുകയും ആവർത്തന നഷ്ടമായി നിലവിൽ തുടരുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19.12.2011 ലെ 4-ാം നം.തീരുമാനത്തിന് വിരുദ്ധമായ നിരക്ക് നോട്ടീസിൽ ഉൾപ്പെടുത്തിയതിൽ ഉണ്ടായ ഗൗരവസ്വഭാവമുള്ള പിഴവ് യഥാസമയം കണ്ടെത്തി പരിഹരിക്കാൻ കഴിയാതെ പോയത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലേയും മേൽനോട്ട സംവിധാനത്തിലേയും പാളിച്ച മൂലമാണ്. മാത്രമല്ല "ഇതരവ്യവസായാവശ്യത്തിനുള്ളവ" എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന്റെ നികുതിപരിഷ്കരണം സംബന്ധിച്ച് ഗ്രമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുക്കുകയോ നോട്ടിഫിക്കേഷൻ നടത്തുകയോ ചെയ്തിരുന്നുമില്ല. ആയതിനാൽ പ്രസ്തുത വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് നിരക്ക് നിശ്ചയിച്ചതിന്റെ നിയമസാധുത വ്യക്തമല്ല. വ്യത്യസ്ത ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കിൽ കുറവ് വന്നതിന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടങ്ങളുടെ വിവരണം | ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരമുള്ള നിരക്ക്/ച.മീ (രൂപ) | വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച നോട്ടീസ് പ്രകാരം നിരക്ക്/ ച.മീ(രൂപ) | അടിസ്ഥാന നികുതി നിരക്കിലുള്ള കുറവ് (രൂപ) |
|---|---|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 40 | 30 | 10 |
| 2 | 100 ച.മീ മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, ഷോപ്പുകൾ | 60 | 50 | 10 |
| 3 | 200 ച.മീ വരെ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 50 | 30 | 20 |
| 4 | 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 80 | 70 | 10 |
| 5 | ബങ്കുകൾ, പെട്ടിക്കടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 60 | 30 | 30 |
| 6 | ആഫീസ് ഉപയോഗത്തിനുള്ളവ (വ്യവസായശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 | 30 | 10 |

ഗ്രാമപഞ്ചായത്ത് കമ്മറ്റി അന്തിമമായി കൈക്കൊണ്ട തീരുമാനത്തിൽ നിന്നും വ്യത്യസ്തമായ കുറഞ്ഞ നിരക്ക് നോട്ടീസിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്ത് നികുതി ചുമത്തിയതു മൂലം മേൽ വിഭാഗത്തിൽപ്പെട്ട ഒട്ടേറെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ ഉണ്ടായ കുറവിന്റെ ഉദാഹരണങ്ങൾ ഈ റിപ്പോർട്ടിൽ അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 15.10.2011 ലേയും 19.12.2011 ലേയും തീരുമാനങ്ങൾ പ്രകാരം വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ചിരുന്ന ശരിയായ നിരക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടു കൂടി വിജ്ഞാപനം പുതുക്കി പ്രസിദ്ധം ചെയ്യേണ്ടതും സമാനമായ രീതിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മേൽവിവരിച്ച എല്ലാ വിഭാഗം കെട്ടിടങ്ങളുടേയും നികുതി നിർണ്ണയത്തിലുണ്ടായ നഷ്ടം കണക്കാക്കി തുക ഈടാക്കി ഓഡിറ്റിൽ രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നതിൽ നിയമപരമായ തടസ്സം ഉണ്ടാവുകയാണെങ്കിൽ ആയത് വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്. (മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച അപാകങ്ങളിന്മേലുള്ള വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല.)

## 2-3 കെട്ടിടത്തിന്റെ ക്രമവൽക്കരണം , വസ്തുനികുതിനിർണയം എന്നിവയിലെ അപാകത

ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ ജോമോൻ കുര്യാക്കോസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് XV/17A മുതൽ H വരെയും XV/17 I എന്നീ നമ്പരുകൾ നൽകി 2016-17 വർഷം വസ്തുനികുതി നിർണയിച്ചതുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. XV/17A മുതൽ H വരെ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ച.മീറ്ററിന് 70/- രൂപ നിരക്കിൽ ആകെ 1088.3 ച.മീറ്റർ തറവിസ്തീർണത്തിനാണ്. എന്നാൽ ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം 1281 ച.മീറ്ററാണ്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടി (നം.9)യിൽ കെട്ടിടത്തിന്റെ പ്ലാനിൽ തറവിസ്തീർണം തെറ്റായി രേഖപ്പെടുത്തിയതാണെന്നും ആയത് തിരുത്തി പുതിയ പ്ലാൻ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.
2. മുകളിൽ സൂചിപ്പിച്ച കെട്ടിടത്തിന് 28.02.2014 ലെ എ.2-3618 -ാം നമ്പർ പെർമിറ്റ് നൽകിയത് 1119 ച.മീറ്റർ (GF-517 m2, FF-602 m2) പണിയുന്നതിനാണ്. പെർമിറ്റ് അനുവദിച്ചതിനേക്കാൾ 162 ച.മീ അധികം നിർമ്മാണം നടത്തിയതിനാൽ ക്രമവൽക്കരിക്കണമെന്ന് ഫയലിൽ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിന് 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചതായോ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതായോ കാണുന്നില്ല. മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം കെട്ടിടം ക്രമവൽക്കരിക്കാവുന്നതാണോയെന്ന് പരിശോധിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.
3. കെട്ടിടത്തിന്റെ വാണിജ്യാവശ്യത്തിനുള്ള ഒരു ഭാഗത്തിന് XV/14 I എന്ന നമ്പർ നൽകി 30/- രൂപ അടിസ്ഥാനനികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. ഒരേ കെട്ടിടത്തിന് വ്യത്യസ്ഥ നികുതി നിരക്കുകൾ നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.9) മറുപടിയിൽ 70/ രൂപ അടിസ്ഥാനനികുതി നിരക്ക് ചുമത്തി വസ്തുനികുതി പുനർനിർണയിച്ച് തൻവർഷം വരെയുള്ള 7878/-രൂപ (രസീത് നം.117060101952 തീ.03.10.2017) ഈടാക്കിയതായി വ്യക്തമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിന് പെർമിറ്റില്ല. ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടുമില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പരിഷ്കരണം -വിശദാംശങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന് 2011-ൽ സർക്കാർ പുറപ്പെടുവിച്ച, 14.1.2011-ലെ കേരള അസാധാരണ ഗസറ്റ് നം.82, 14.1.2011-ലെ വിജ്ഞാപനം (സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.20/2011/തസ്വഭവ) പ്രകാരം എസ്.ആർ.ഒ നം.37/2011 ആയി പ്രസിദ്ധീകരിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്ക്കരണ ചട്ടങ്ങൾ (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം കാണക്കാരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.10.2011ലെ ലെ 4(1)-ാം നമ്പർ തീരുമാനം, 19.12.2011 ലെ -4ാം നമ്പർ തീരുമാനം എന്നിവ പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 24.02.2015 ലെ സ.ഉ.(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് 3) മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് നോട്ടിഫിക്കേഷൻ നടത്തിയിട്ടില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 15.10.2011ലെ ലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്തിൽ നിലവിൽ ഈടാക്കിവരുന്ന സേവനഉപനികുതി (14 ശതമാനം) തുടർന്നും ഈടാക്കുന്നതിന് തീരുമാനിച്ചു.

പഞ്ചായത്തിൽ ആകെ 8394 കെട്ടിടങ്ങളാണുള്ളത്. ഇവ സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തി ഡിമാന്റ് നോട്ടീസ് നൽകിയതായും വിവരം ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്)നം.144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 60 ച.മീറ്റർ വിസ്തീർണമുള്ള കെട്ടിട ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയതിന് ശേഷമാണ് നികുതിയിളവ് നൽകുന്നത്.

## 2-5 കെട്ടിടത്തിന്റെ വസ്തുനികുതി നിർണയത്തിലെ അപാകത

ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ ചർച്ച് ഓഫ് സൌത്ത് ഇന്ത്യ ട്രസ്റ്റ് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള 486/എ നമ്പർ കെട്ടിടത്തിനെ സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 30/- രൂപ അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തി 2016-17 വർഷം വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. ഈ കെട്ടിടത്തിന്റെ വസ്തുനികുതിനിർണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ 1428.64 ച.മീറ്റർ തറവിസ്തീർണത്തിനാണ് വസ്തുനികുതി നിർണയിച്ചിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിടത്തിന് 1450.95 ച.മീറ്റർ തറവിസ്തീർണമുള്ളതായി കാണുന്നു. വസ്തുനികുതി നിർണയത്തിന് കെട്ടിടത്തിന് തറവിസ്തീർണം കുറവായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.2) മറുപടി തൃപ്തികരമല്ല. വസ്തുനികുതി പുനർനിർണയിച്ച്, ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ പ്രകാരം അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിക്കുന്നതിന് 24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിക്കാതെ നികുതിനിർണയം നടത്തിയത് ക്രമപ്രകാരമല്ല. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3.കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ ചുവടെ ചേർക്കുന്ന കെട്ടിങ്ങൾ കൂടി നിലവിൽ ഉള്ളതായി കാണുന്നു.

| ക്രമനം | കെട്ടിടനം | തറവിസ്തീർണം |
|---|---|---|
| 1 | 8/487 | 215.85 ച.മീ |
| 2 | 8/488 | 366.91ച.മീ |
| 3 | 8/491 | 1397.64ച.മീ |

ഈ കെട്ടിടങ്ങളുടെ വസ്തുനികുതിയുടെയും 2016-17 വർഷത്തെ വസ്തുനികുതി ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം ഹാജരാക്കിയ ഫോം-6 പ്രകാരമുള്ള കെട്ടിടത്തിന്റെ തറവിസ്തീർണവും മേൽപ്പറഞ്ഞ തറവിസ്തീർണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കെട്ടിടം പുതുക്കിപ്പണിതതാണോയെന്ന് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-6 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 ഒന്നാം അർദ്ധവർഷം സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ്, കാണക്കാരി എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതെ രണ്ടാം അർദ്ധവർഷ നികുതി ഈടാക്കി (1,250/- രൂപ). അതിനാൽ പഞ്ചായത്ത് ഫണ്ടിന് 1,250/- രൂപയുടെ നഷ്ടം സംഭവിച്ചു. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം മേൽപറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒന്നാം അർദ്ധവർഷത്തിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഇതിൽനിന്നും ടി സ്ഥാപനങ്ങൾ ഒന്നാം അർദ്ധവർഷ കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നു എന്നത് വ്യക്തമാണ്. സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ മേൽപറഞ്ഞ സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ധനകാര്യ പത്രിക 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പ്രസ്തുത തുകയുടെ ഡിമാന്റ് നിലനിൽക്കുന്നതായി കാണുന്നില്ല.

തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 1,250/- രൂപയുടെ നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/26.09.2017) നൽകിയതിന് ടി സ്ഥാപനത്തിൽ നിന്നും 2016-17 ഒന്നാം അർദ്ധവർഷത്തെ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശം അറിയിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 സ്വകാര്യ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല (2016-17 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം). ടി സ്ഥാപനങ്ങളുടെയും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ 2016-17 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. കാണക്കാരി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതും പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്വകാര്യ സ്ഥാപനങ്ങളുടെ പേരും അനുബന്ധ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | കുരിശുമൂട്ടിൽ ബാങ്കേഴ്സ് - വെമ്പള്ളി |
| 2. | എമ്മാർ സിസ്റ്റംസ്-കാണക്കാരി(എഞ്ചിനീയറിങ്ങ് കൺസൾട്ടൻസി സർവ്വീസ്) |
| 3. | വെജിറ്റബിൽ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ-കേരളം(VFPCK)-വെമ്പള്ളി |
| 4. | കേരള ഹോർട്ടികൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാം-വെമ്പള്ളി |
| 5. | ചെട്ടിക്കൽ എഞ്ചിനീയേഴ്സ് & ബിൽഡേഴ്സ്, കാണക്കാരി |
| 6. | പാർപ്പിടം ലാന്റ്സ്കേപ്പ് ഡിസൈനേഴ്സ്, കാണക്കാരി |
| 7. | കാവുങ്കൽ റിലേറ്റേഴ്സ്-പ്രൈവറ്റ് ബാങ്ക്, കാളികാവ് |
| 8. | വീടാർക് ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ്, കാണക്കാരി |
| 9. | മലയാള രശ്മി, പബ്ലിക്കേഷൻസ്, കാണക്കാരി |
| 10. | ജ്യോതി ഡ്രൈവിങ്ങ് സ്കൂൾ, കാണക്കാരി |
| 11. | ഡെൽറ്റ കമ്പ്യൂട്ടർ സെന്റർ, കാണക്കാരി |
| 12. | ടെക്നോടെക്ക് എഞ്ചിനീയേഴ്സ്, കാണക്കാരി |
| 13. | സൈബെക്സ് കേബിൾ പ്രൈവറ്റ് ലിമിറ്റഡ്, കാണക്കാരി |
| 14. | ബി.ബി.-ഇൻഫോടെക്ക് വെബ് ഡിസൈനേഴ്സ്, കാണക്കാരി |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഈയിനത്തിൽ വരുമാന നഷ്ടം സംഭവിച്ചു. അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.08/27.09.2017) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ തൊഴിൽ നികുതി കുടിശികയായി ഡിമാന്റ് ചെയ്ത് ഈടാക്കുമെന്ന് അറിയിച്ചു. മേൽപറഞ്ഞ സ്വകാര്യ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ സ്ഥാപന തൊഴിൽ നികുതിയും സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-8 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപന/വകുപ്പുകളുടെ ലിസ്റ്റിൽ ഉണ്ടായിരുന്നിട്ടും ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന/വകുപ്പിന്റെ പേര് | 2016-17 നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | റോസ് ചാരിറ്റബിൾ സൊസൈറ്റി, കാണക്കാരി | II |
| 2. | വെമ്പള്ളി ക്ഷീരോൽപാദക സഹകരണ സംഘം, വെമ്പള്ളി | I & II |

| | | |
|---|---|---|
| 3. | കൊശമറ്റം ഫിനാൻസ്, കാണക്കാരി | I & II |
| 4. | വിവേകാനന്ദ പബ്ലിക് സ്കൂൾ, കുറുമള്ളൂർ | I & II |

മേൽപറഞ്ഞ സ്ഥാപന/വകുപ്പുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി. അപാകതയും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/27.09.2017) നൽകിയതിന് ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചു. 2016-17 വർഷത്തെ തൊഴിൽ നികുതി മേൽവിവരിച്ച സ്ഥാപനങ്ങളിൽ ടി കാലയളവിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-9 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക-നടപടിക്രമത്തിലും രേഖകളിലും അപാകതകൾ

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കാണക്കാരി ഷോപ്പിങ്ങ് കോംപ്ലക്സിലെ 5 മുറികളും കല്ലമ്പാറ ഷോപ്പിങ്ങ് കോംപ്ലക്സിലെ 2 മുറികളും ഉൾപ്പടെ ആകെ 7 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിൽ വ്യക്തമാകുന്നു. ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടിക്രമങ്ങളിലും കരാർ രേഖകളുടെ സൂക്ഷിപ്പിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. അപാകതകളും അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്താവിക്കുന്ന ബൈ-ലോ നിലവിലില്ല. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വ്യക്തമായ വ്യവസ്ഥകളുള്ള ബൈ-ലോ തയ്യാറാക്കേണ്ടതും വാടകയ്ക്ക് നൽകുന്ന നടപടികൾ അതിനനുസൃതമായി ക്രമീകരിക്കേണ്ടതുമാണ്.
2. ഷോപ്പിങ്ങ് കോംപ്ലക്സ് താരതമ്യേന കുറഞ്ഞ തുക മാസവാടക നിശ്ചയിച്ചാണ് കുത്തകക്കാർക്ക് നൽകിയിരിക്കുന്നത്. 5-ാം നം. മുറി സഹാന ചാരിറ്റബിൾ സൊസൈറ്റിക്ക് 1 രൂപ മാസവാടകയ്ക്കാണ് നൽകിയിരിക്കുന്നത്. മറ്റു മുറികളുടെയും ശരാശരി മാസ വാടക ഏകദേശം 350/- രൂപ മാത്രമാണ്.
3. സെക്യൂരിറ്റി നിക്ഷേപം കണക്കുകളിലും അവ്യക്തത നിലനിൽക്കുന്നു. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 340200101-Rent Deposit കണക്ക് ശീർഷകത്തിൽ 10,727/- രൂപ വാടക നിക്ഷേപമായി അവശേഷിക്കുന്നു. പ്രസ്തുത തുക വാടക നിക്ഷേപ രജിസ്റ്ററിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.
4. കുത്തകക്കാർ നൽകിയ മുദ്രപത്രങ്ങളിൽ വ്യവസ്ഥകൾ പ്രിന്റ് ചെയ്തിട്ടുണ്ടെങ്കിലും കരാർ ചമയ്ക്കുന്ന വ്യക്തികൾ, മുറി നം., കെട്ടിട നം. തുടങ്ങിയ വിശദാംശങ്ങൾ എഴുതി കക്ഷികൾ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. നടപടികൾ പൂർത്തീകരിച്ച് കരാർ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബൈ-ലോ തയ്യാറാക്കി പഞ്ചായത്ത് വകുപ്പ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരത്തോടെ വാടക നടപടിക്രമങ്ങൾ ക്രമീകരിക്കേണ്ടതാണ്. വാടക കരാർ തയ്യാറാക്കൽ, നിലവിലുള്ള മാസ വാടക, വാടക സെക്യൂരിറ്റി നിക്ഷേപം എന്നിവയിലെ അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 2-10 ഇ-ടെൻഡർ പ്രവൃത്തികളുടെ ടെൻഡർ ഫീയിനത്തിലുള്ള തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ ചുവടെ ചേർക്കുന്ന വേലകളുടെ ടെൻഡർ ഫീസ്ഇനത്തിലുള്ള തുക (5% വാറ്റ് ഉൾപ്പെടെ) കരാറുകാർ ഓൺലൈനായി എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ആയതിൽ ഫോറവിലയിനത്തിലുള്ള തുക നാളിതുവരെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര് | അടങ്കൽ | ടെൻഡർ വാങ്ങിയവരുടെ എണ്ണം | ടെൻഡർ ഫോറവില+ നികുതി(5%) |
|---|---|---|---|---|
| 1 | 82/16-17-മുതിരക്കാല-മുളക്കാമ്പ്ര റോഡ് മെയിന്റനൻസ് | 677533 | 2 | 2x1400 |
| 2 | 152/16-17പഞ്ചായത്ത്ഓഫീസ് നവീകരണം | 1000000/- | 2 | 2x2200 |

ടെൻഡർ ഫീസിനത്തിലുള്ള തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

31.03.2017-ലെ ബി-7 ഷെഡ്യൂൾ പ്രകാരമുള്ള വിവിധയിനം ഡെപോസിറ്റുകളുടെ 2016-17 വർഷത്തെ ഇടപാടുകളുടെ വിശദാംശം മാത്രമാണ് ബന്ധപ്പെട്ട ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമായിട്ടുള്ളത്. മുൻവർഷങ്ങളിൽ ലഭ്യമായ ഡെപ്പോസിറ്റ് തുക ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമല്ല.

| ക്രമ നം. | കണക്ക് ശീർഷകം | നിക്ഷേപ ഇനം | 01.04.2016-ലെ നീക്കിയിരിപ്പ് | 31.03.2017-ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1. | 340100101 | Contractor's Earnest Money Deposit | 491,825/- | 491,825/- |
| 2. | 340100102 | Supplier's Earnest Money Deposit | 96,874/- | 178,073/- |
| 3. | 340100103 | Bidder's Earnest Money Deposit | 6,515/- | 6,515/- |
| 4. | 340100201 | Contractor's Security Deposit | 363,840/- | 363,840/- |
| 5. | 340100202 | Supplier's Security Deposit | 100,000/- | 201,580/- |
| 6. | 340100203 | Bidder's Security Deposit | 4,575/- | 4,575/- |
| 7. | 340109901 | Other Deposits | 2,000/- | 44,000/- |
| 8. | 340200101 | Rent Deposit | 10,727/- | 10,727/- |
| 9. | 340200102 | Auction Deposit | 10,750/- | 10,750/- |
| ആകെ നിക്ഷേപ തുക | | | 1,087,106/- | 1,311,885/- |

01.04.2016-ലെ പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന 10.87 ലക്ഷം രൂപയുടെ ഇനം തിരിച്ചുള്ള അടവിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട നിക്ഷേപത്തുകകൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിനാലാണ് ഇത്രയും വലിയ തുക പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി അവശേഷിക്കുന്നത്. ക്രമ നം.1, 4 ശീർഷകങ്ങളിൽ തൻവർഷം ലഭിച്ച തുകകൾ തിരികെ നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിലെ തുകകൾ അടവാക്കിയ വ്യക്തി/സ്ഥാപനം തിരികെ ആവശ്യപ്പെടാത്തതിനാലാണ് തുകകൾ ബാധ്യതയായി അവശേഷിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിരുന്നു (തീരുമാനം നം.27/30.12.2016).

ഡെപ്പോസിറ്റ് ബാധ്യതകളുടെ കൃത്യമായ വിശദാംശം സൂക്ഷിക്കാത്തതിനും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/25.09.2017) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്തി മുതക്കൂട്ടേണ്ടതും ഡെപോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്ത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-12 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

1994-ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി നാളിതുവരെ കാണക്കാരി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.

## 2-13 പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

കാണക്കാരി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡായ മെയിൻ സെൻട്രൽ റോഡ് (MC Road), ഏറ്റുമാനൂർ-എറണാകുളം റോഡ്, കാണക്കാരി ടൗൺ, വെമ്പള്ളി എന്നീ പ്രദേശങ്ങളിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി സംബന്ധിച്ച നിർദ്ദേശങ്ങൾ 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരമുള്ള പരസ്യ നികുതി ചുമത്തിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കേണ്ടതാണ്. പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പരസ്യങ്ങൾക്കും നികുതി ചുമത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശ്രയ-ഒന്നാംഘട്ടപദ്ധതിയ്ക്കായി ലഭിച്ച പദ്ധതിപ്പണം ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ആശ്രയ പ്രോജക്ട് ഗുണഭോക്താക്കൾക്ക് അടിസ്ഥാന ജീവിത സൗകര്യങ്ങളൊരുക്കുന്നതിൽ ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. 8 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി 2008-09 ൽ ആരംഭിച്ച് 2012-13ൽ അവസാനിച്ച ഒന്നാം ഘട്ടപദ്ധതിയ്ക്കായി നിലവിൽ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. 3.6.09 ൽ വികസനഫണ്ടിനത്തിൽ 190000/- രൂപ ലഭിച്ചത് ആശ്രയ പദ്ധതിക്കായുള്ള അക്കൗണ്ടിൽ വരവു വന്നിട്ടുണ്ടെങ്കിലും നാളിതുവരെ ടി തുക ചെലവഴിച്ചിട്ടില്ല പ്രത്യേക പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടും നടപ്പാക്കാതെ വികസനഫണ്ട് ഇപ്രകാരം അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് ആഗസ്റ്റ് 2013 വരെ മാത്രമേ ടി ഗുണഭോക്താക്കൾക്ക് പോഷകാഹാരകിറ്റ് വിതരണം നടത്തിയിട്ടുള്ളൂ. ചുരുക്കത്തിൽ 2013 ആഗസ്റ്റ് വരെ മാത്രമേ ടി പ്രോജക്ട് വഴി ടി ഗുണഭോക്താക്കൾക്ക് സേവനം ലഭിച്ചിട്ടുള്ളൂ. തുടർ സേവന പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതായും കാണുന്നില്ല. നിലവിൽ ടി പ്രോജക്ട് നിശ്ചലാവസ്ഥയിലാണ്. കേരള ഗ്രാമീൺ ബാങ്ക്. കാണക്കാരി ശാഖയിലുള്ള ആശ്രയപദ്ധതി അക്കൗണ്ട് (A/C NO.40686101012109) പാസ്സ് ബുക്ക്, പദ്ധതിയുടെ കാഷ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 1-8-17 -ൽ 302866/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ടി അക്കൗണ്ടിൽ ഇത്രയും തുക ബാലൻസ് അവശേഷിക്കെ പ്രോജക്ട് കാലാവധി അവസാനിച്ചു എന്ന കാരണത്താൽ യാതൊരു ക്ഷേമ പ്രവർത്തനങ്ങളും ടി ഗുണഭോക്താക്കൾക്ക് നല്കാതിരിക്കുന്ന നടപടി തികച്ചും അപലപനീയമാണ്. അക്കൗണ്ടിൽ അവശേഷിക്കുന്ന ടി തുക വിനിയോഗിച്ച് ആലംബഹീനരും അവശതയനുഭവിക്കുന്നതുമായ ടി ജനതയുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റുവാനും അടിസ്ഥാന ജീവിത സൗകര്യമൊരുക്കുവാനും ഗ്രാമപഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 വിൻഡോ പരസ്യം നല്കാതിരുന്നതു മൂലം അധികച്ചെലവ്

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ ആന്റ് പി ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം താഴെപ്പറയുന്ന പരസ്യങ്ങൾക്ക് അധികചെലവ് ഉണ്ടായതായി കാണുന്നു.

| പത്രത്തിന്റെ പേര്, തീയതി | നിരക്ക് | ചെലവായ തുക | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|
| മനോരമ 18.12.16 | 8x7=56 സെ.മീ @290 | 16240രൂപ (വൗച്ചർ നം.21600669/13.1.17) | 3x8=24 ച.സെ.മീ @290=6960രൂപ | 9280 /- |
| മംഗളം 25.1.17 | 8x5=40 സെ.മീ @140 | 5600 (വൗച്ചർ നം.21600730/6.2.17) | 3x8=24 ച.സെ.മീ @140=3360രൂപ | 2240 /- |
| മംഗളം | 8x7-56.സെ.മീ | 7840 (വൗച്ചർ | 3x8=24ച.സെ.മീ | 4480 |

| | | | | |
|---|---|---|---|---|
| 7.2.17 | @140 | നം.21600795/25.2.17) | @140രൂപ=3360രൂപ | |

ദർഘാസ് പരസ്യങ്ങൾ വിൻഡോരൂപത്തിലായിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതും ഈയിനത്തിലുള്ള നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 3-3 പൂന്നയ്ക്കാമറ്റം-പൂതക്കുഴി റോഡ്ടാറിംഗ്- കൺവീനർക്ക് 23,748/- രൂപ അധികം അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 79/16-17 |
| പ്രോജക്റ്റ് | പൂന്നയ്ക്കാമറ്റം-പൂതക്കുഴി റോഡ് ടാറിംഗ് |
| അടങ്കൽ | 427533 (റോഡ്സംരക്ഷണഗ്രാന്റ്) |
| ചെലവ് | 235337/- |
| ബിൽനമ്പർ | 39/16-17 31-3-17 |
| കൺവീനർ | ശ്രീ.ശശിധരൻ കെ.എ. |
| അളവുപുസ്തകം | 79/16-17 |

2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ മേൽ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ ഓവർഹെഡ്ചാർജ്ജും നിയമാനുസൃത റിക്കവറികളും നടത്താതെ കൺവീനർക്ക് പാർട്ട്ബിൽ അനുവദിച്ചുനൽകിയതായി കാണുന്നു. ഒന്നാം പാർട്ട്ബിൽ പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 261486/-രൂപയായിരുന്നു. ഈ തുകയിൽനിന്നും 10% റീടെൻഷൻ കിഴിച്ചുള്ള തുക 2,35,337/-രൂപയും കൺവീനർക്ക് അനുവദിച്ചു നൽകി. ഓവർഹെഡ് ചാർജ്ജിനത്തിലുള്ള 2.5% അധികനിരക്ക് കൺവീനറുടെ ബില്ലിൽനിന്നും കുറവുചെയ്തിട്ടില്ല. മാത്രമല്ല വാറ്റ്, ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം എന്നിങ്ങനെ നിയമാനുസരണം ഈടാക്കേണ്ടിയിരുന്ന തുകകളും ഈടാക്കിയിരുന്നില്ല. 2017-18-ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബിൽ നൽകിയപ്പോൾ ആദ്യബില്ലിൽ നിന്നും ഈടാക്കാതിരുന്ന ഓവർഹെഡ്ചാർജ്ജും റിക്കവറികളും ഈടാക്കിയിട്ടുമില്ല. അളവുപുസ്തകം പരിശോധിച്ചതിൽ റീടെൻഷൻതുകയുൾപ്പെടെ ഫൈനൽബിൽപ്രകാരം ബാക്കി നൽകാനുള്ള 191552/-രൂപയെ (426889- 261486+ 26149= 191552) അടിസ്ഥാനമാക്കി മാത്രമാണ് ഓവർഹെഡ്ചാർജ്ജും റിക്കവറി തുകകളും കണക്കാക്കിയിട്ടുള്ളത്. 2016-17 വർഷം പാർട്ട്ബിൽപ്രകാരം കൺവീനർക്ക് അനുവദിച്ച തുകയുടേയും യഥാർത്ഥത്തിൽ അനുവദനീയമായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I പാർട്ട്ബിൽ

| കൺവീനർക്ക് അനുവദിച്ചതുക | അനുവദനീയമായ തുക |
|---|---|
| ആകെ മൂല്യം -261486<br>(-) 10% റീടെൻഷൻ -26149<br>ബാക്കി - 235337<br>കൺവീനർക്ക് അനുവദിച്ചത് - 235337/- | 261486<br>(-) 26149<br>235337<br>ഓവർഹെഡ്ചാർജ് (2.5%) 5349(235337x107.5 )<br>110<br>ബാക്കി - 229988<br>റിക്കവറികൾ<br>വാറ്റ് 5% -11499<br>ഐ.റ്റി. 2% -4599.76=4600<br>തൊഴിലാളിവിഹിതം-2300<br>ആകെ -18399/-<br>കൺവീനർക്ക്<br>അനുവദനീയമായ തുക -211589/- |

| | |
|---|---|
| അധികം അനുവദിച്ചത് ( 235337-211589) | 23748/- |

ഫൈനൽബിൽ തയ്യാറാക്കിയപ്പോൾ ഒന്നാം പാർട്ട്ബിൽ പ്രകാരമുള്ള ആകെ വേലമൂല്യം കുറച്ചതിനുശേഷമാണ് ഓവർഹെഡ്ചാർജ്ജും റിക്കവറികളും കണക്കാക്കിയത്. ആയതിനാൽ കൺവീനർക്ക് നൽകിയ 235337/- രൂപയിൽ നിന്നും കിഴിവു ചെയ്യേണ്ടിയിരുന്ന ഓവർഹെഡ്ചാർജ്ജുൾപ്പെടെയുള്ള റിക്കവറി തുക കിഴിവ് ചെയ്യാതെ ബിൽ തയ്യാറാക്കിയതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന്, (ഓഡിറ്റ് എൻക്വയറി നം.14/28.09.17) 29-3-17-ൽ പൂർത്തിയായ പ്രവൃത്തിയുടെ അളവെടുത്ത് 31-3-17-ൽ 2,35,337/-രൂപ അനുവദിക്കുകയായിരുന്നുവെന്നും ഫൈനൽബിൽ 17-18 വർഷം തയ്യാറാക്കിയപ്പോൾ റിക്കവറി നടത്താതിരുന്നത് സംബന്ധിച്ച് അറിവില്ല എന്നും 2016-17 കാലയളവിലെ അസി.എഞ്ചീനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓവർഹെഡ്ചാർജ് കുറയ്ക്കാതെയും നിയമാനുസരണം നടത്തേണ്ടിയിരുന്ന റിക്കവറികൾ നടത്താതെയും കൺവീനർക്ക് തുക അനുവദിച്ചത് ഫൈനൽ ബില്ലിൽ ക്രമീകരിക്കാതിരുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ ഓവർഹെഡ്ചാർജിനത്തിൽഅധികമായി നൽകിയ 5349/-രൂപയും നികുതിയിനങ്ങളിൽ റിക്കവറി നടത്തേണ്ടിയിരുന്ന 18399/-രൂപയും ഫൈനൽ ബിൽ ക്രമീകരിച്ചിട്ടില്ലാത്തപക്ഷം കൺവീനറിൽ നിന്ന് ഈടാക്കുകയോ റീ ടെൻഷൻ ഇനത്തിൽ പിടിച്ച തുകയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-4 ടെൻഡർവ്യതിയാനം കുറവുചെയ്തില്ല 24,697/-/-രൂപയുടെ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് | കളരിപ്പടി - ഐക്കരപ്പടി റോഡ് മെയിന്റനൻസ് |
| അടങ്കൽ | 2,19,950 |
| ചെലവ് | 205218 |
| ബിൽനമ്പർ | 17080552026700400581/23.08.17 |

മേൽ പ്രോജക്ടിന് ടെൻഡർ ക്ഷണിച്ചതിൽ ലഭ്യമായ 2ടെൻഡറുകളിൽ കുറഞ്ഞ നിരക്കിലുള്ള (18.7%) ശ്രീ.പി.എ.ജോസഫ്,പുതിയിടത്ത് എന്നയാളുടെ ടെൻഡർ 18-1-17-ലെ 1ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത്കമ്മിറ്റി അംഗീകരിക്കുകയും 24-3-17-ൽ കരാർവച്ച് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. ടെൻഡർ വ്യതിയാനം പരിഗണിക്കാതെ ബിൽ തയ്യാറാക്കിയതു മൂലമുള്ള അധികച്ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 2,18,716 |
| ടെൻഡർ വ്യതിയാനം (18.7% കുറവ്) | 40900/- |
| ടെൻഡർ വ്യതിയാനം കിഴിച്ചുള്ള തുക | 218716 – 40900 = 1,77,816 |
| ബാരൽവില (238*13+5% വാറ്റ്) | 3249 |
| ബാരൽവില കിഴിച്ചുള്ള മൂല്യം | 1,74,567 |
| നികുതിറിക്കവറികൾ<br>വാറ്റ്4% -6983<br>ആദായനികുതി 1% -1745<br>ക്ഷേമനിധിവിഹിതം1% -1745<br>ആകെ | 10473/- |
| കരാറുകാരന് അർഹമായ തുക | 1,74,567- 10473 = 1,64,094 |
| കണക്കാക്കിയ തുക | 1,88,801 |
| അധികമായി കണക്കാക്കിയത് | 24,707/- |

മേൽ അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.5/26-9-17) 2016-17 വർഷം നിർവ്വഹണം നടത്തിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നാൽ പ്രസ്തുതവേല 2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെട്ടതും തൻവർഷംതന്നെ കരാർവച്ച് സ്ഥലം കൈമാറിയിരുന്നതുമാണ്. പ്രവൃത്തി 29-8-17-ൽ മാത്രമാണ് പൂർത്തീകരിച്ചത്. പ്രവൃത്തി പൂർത്തീകരിച്ച് പേമെന്റും നടത്തിക്കഴിഞ്ഞ സാഹചര്യത്തിൽ അധികമായി നൽകിയിട്ടുള്ള തുക കരാറുകാരനിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 റോഡ്ടാറിംഗ് പ്രവൃത്തികൾ- ഗുണമേന്മ ഉറപ്പുവരുത്താതെ പരിശോധനയും ഉപരിപരിശോധനയും നടത്തി മൂല്യം നിർണ്ണയിച്ചു.

2016-17 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് വേലകൾ പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തി മാസങ്ങൾ കഴിഞ്ഞിട്ടും കരാറുകാർക്ക് തുക അനുവദിച്ചിട്ടില്ല. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. (പ്രോ.നം.82/17)

മുതിരക്കാല-മുതുക്കാമ്പ്ര റോഡ് മെയിന്റനൻസ്

കരാറുകാരൻ-വി.ഡി.സണ്ണി

2. പ്രോ.നം.70/17

ഇണ്ടംകുന്ന്-വട്ടംതൊട്ടിയിൽ റോഡ് മെയിന്റനൻസ്

കരാറുകാരൻ-പി.എ.ജോസഫ്

ക്രമനമ്പർ 1 പ്രകാരമുള്ള പ്രോജക്ട് പൂർത്തീകരിച്ച് 31-3-17-ൽ അസിസ്റ്റന്റ് എൻജിനീയർ 5,44,993.81രൂപ ആകെ മൂല്യം മൂല്യംനിർണ്ണയിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും (എം.ബുക്ക്നമ്പർ 35/17, പേജ് 24) 3-4-17-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ചെക്ക്മെഷർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെയായിട്ടും പേമെന്റ് നടത്തിയിട്ടില്ല. ക്രമനമ്പർ 2-ലെ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരമുള്ള ആകെ മൂല്യം 181913.51/-രൂപയാണ്. 29-5-17- ൽ പ്രവൃത്തി പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതും ചെക്ക്മെഷർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടി പ്രവൃത്തിയുടെ പേമെന്റും നാളിതുവരെ നടത്തിയിട്ടില്ല.

പ്രോജക്ടുകൾ പൂർത്തീകരിച്ച് അളവുകൾ ബോധ്യപ്പെട്ട് മൂല്യനിർണ്ണയം നടത്തുകയും ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ ഉപരിപരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും ചെയ്ത് നാളിതുവരെയായിട്ടും പേമെന്റ് നടത്താതിരിക്കുന്നതിന്റെ കാരണം രേഖാമൂലം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുതിരക്കാല-മുതുക്കാമ്പ്ര റോഡ് പണി പൂർത്തീകരിച്ച് ദിവസങ്ങൾക്കകം പാറമടയിൽനിന്നും കരിങ്കല്ല് കയറ്റിവന്ന ലോറികൾ ഓടിക്കുകയും റോഡിന്റെ സൈഡ്കെട്ട് തള്ളിക്കളയുകയുമുണ്ടായി എന്നും കനത്ത മഴയിൽ റോഡിൽ നീരുറവ ഉത്ഭവിച്ചതിനെത്തുടർന്ന് ടാറിംഗ് നടത്തിയ കുറച്ചുഭാഗം പൊളിഞ്ഞുപോയതായും മഴക്കാലം മാറിയാൽ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ മാറ്റി ടാറിംഗ് ഭംഗിയായി നടത്തിത്തരാമെന്നും അതിനുശേഷം ബില്ല് മാറിയാൽ മതിയെന്ന് കരാറുകാരൻ സമ്മതിച്ചതായും അറിയിച്ചു. ഇണ്ടം കുന്ന്-വട്ടംതൊട്ടിയിൽ റോഡിന്റെ റീടാറിംഗ് പണികൾ അവസാന ഘട്ടമായപ്പോൾ ചെറിയ തോതിൽ മഴയുണ്ടാവുകയും ടാറിംഗ് മേൽഭാഗം ഉറയ്ക്കാതെ വരികയും ചെയ്തതായും മഴക്കാലം മാറിയാൽ ഇതും ടാറിംഗ് നടത്തിത്തരാമെന്ന് കരാറുകാരൻ സമ്മതിച്ചിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്.

ടാറിംഗ് കഴിഞ്ഞ് കുറച്ചുദിവസത്തിനുള്ളിൽത്തന്നെ ടാർചെയ്ത ഭാഗം പൊളിഞ്ഞുപോയതിൽനിന്നും എസ്റ്റിമേറ്റനുസരിച്ചുള്ള അളവിൽ സാധനങ്ങൾ ഉപയോഗിക്കാതെയും പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങൾക്കും ഇടയിൽ ആവശ്യമായ സമയക്രമം പാലിക്കാതെയുമാണ് പ്രവൃത്തി നടപ്പാക്കിയത് എന്ന് വ്യക്തമാണ്. കൂടാതെ മേൽനോട്ടത്തിന്റെ അഭാവവും പ്രവൃത്തിയുടെ ഗുണമേൻമ ഉറപ്പാക്കാൻ തടസ്സമായതായി കാണാവുന്നതാണ്. മാർച്ച് ഏപ്രിൽ, മേയ് മാസങ്ങളിൽ കടുത്തവേനൽക്കാലമായിരുന്നതിനാൽ കനത്ത മഴയിൽ റോഡിൽ നീരുറവ ഉത്ഭവിച്ച് ടാർ പൊളിഞ്ഞുപോയി എന്ന മറുപടി വസ്തുതാവിരുദ്ധമാണ് . ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ അവരെക്കൊണ്ട് തന്നെ മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വാറ്റുപൂരകുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 16/16-17 |
| അടങ്കൽ | 350000 |
| ചെലവ് | 332428 |
| വൗച്ചർനമ്പർ | 21600953/23-3-17 |
| കൺവീനർ | ടോമിജോസഫ് |

വാറ്റുപുര കുടിവെള്ള പദ്ധതിക്ക് കിണർമെയ്ന്റനൻസ്, മോട്ടോർപമ്പ്, കെ.എസ്.ഇ.ബി. വൈദ്യുതകണക്ഷൻ എന്നീ പ്രവൃത്തികൾക്ക വേണ്ടി തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് 350000/- രൂപ വകയിരുത്തി ആവിഷ്കരിച്ച സ്പിൽഓവർ പ്രോജക്ട് പ്രകാരം ആകെ 3,32,428/-രൂപ ചെലവഴിച്ചിട്ടുണ്ട്. 12-ാംപദ്ധതിക്കാലത്ത് 2012-13 മുതൽ 2016-17 വരെയുള്ള വാർഷികപദ്ധതികൾ പ്രകാരം ആകെ 11,13,038/- രൂപയാണ് ഈ കുടിവെള്ള പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. 3-10-17-ൽ നടത്തിയ സ്ഥലപരിശോധനയിൽ കിണറിന് സംരക്ഷണഭിത്തി കെട്ടിയിട്ടുള്ളതായും 10 എച്ച്.പി-യുടെ പുതിയ മോട്ടോർ സ്ഥാപിച്ച് വൈദ്യുതികണക്ഷനും ലഭ്യമായിട്ടുള്ളതായി കാണാൻ കഴിഞ്ഞു. എന്നാൽ മീറ്റർറീഡിംഗ് പരിശോധിച്ചതിലും കെ.എസ്.ഇ.ബി- യുടെ വൈദ്യുതബിൽ പരിശോധിച്ചതിലും വൈദ്യുത ഉപഭോഗം ഉണ്ടായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. മാത്രമല്ല 3 കിലോമീറ്ററോളം അകലെ വാറ്റുപുര കോളനിയിൽ കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി 10000ലിറ്ററിന്റെ വീതം 2 പി.വി.സി.ടാങ്ക് സ്ഥാപിച്ചിട്ടുള്ള സ്ഥലം സന്ദർശിച്ചതിൽ ടാങ്കിനേക്കാൾ ഉയർന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതിനാൽ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കേണ്ട കോളനിയിലെ എല്ലാ വീടുകൾക്കും ടാങ്കിൽനിന്നും വെള്ളം ലഭിക്കുന്നില്ലായെന്ന് ബോധ്യമായിട്ടുള്ളതുമാണ്. കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തൻവർഷം ചെലവഴിച്ച 3,32,428/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആയതിനാൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് എല്ലാവർക്കും പ്രയോജനം ലഭിക്കത്തക്ക തരത്തിൽ കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനും കമ്മീഷൻ ചെയ്ത് നിയമാനുസൃതം കരാർ ചമച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറേണ്ടതുമാണ്.

## 3-7 11-ാം പദ്ധതിക്കാലത്ത് ആരംഭിച്ച ചാത്തമല കുടിവെള്ള പദ്ധതി-നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ല

2013-14 വാർഷികപദ്ധതിയിൽപ്പെടുത്തി ചാത്തമല കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി ആവിഷ്കരിച്ചിരുന്ന പ്രോജക്ട് 2014-15 വർഷം സ്പിൽ ഓവറായി തുടരുകയും (പ്രോജക്ട് നം.174/15) വികസനഫണ്ട് വിഹിതം 290000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 490000 അടങ്കലിൽ പദ്ധതി തയ്യാറാക്കിയതിൽ 4,55,423 രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ വിജിലൻസ് കസ്റ്റഡിയിലായതിനാൽ തൻവർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതുമാണ്.

നാളിതുവരെ വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ വിജിലൻസ് അന്വേഷണവും നടപടികളും പൂർത്തിയാകാതെ തന്നെ ഇതേ പദ്ധതിക്കായി വീണ്ടും 2015-16 ലും 2016-17-ലും പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും നടപ്പാക്കാനായിട്ടില്ല. എക്സിറ്റ്മീറ്റിംഗിൽ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് പദ്ധതിയുടെ പേരിൽ ഗുണഭോക്താക്കളിൽ നിന്ന് പണംപിരിവ് നടത്തിയതുമായി ബന്ധപ്പെട്ട് ഉണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായും കൂടാതെ രണ്ടാംഘട്ടത്തിൽ കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാലും പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ചാത്തമല കുടിവെള്ള പദ്ധതി നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ലെന്നറിയിച്ചു. ഭരണസമിതി ഇടപെട്ട് സ്ഥലം സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനും വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ജനങ്ങൾക്ക് പ്രയോജനകരമാകത്തക്ക വിധത്തിൽ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 3-8 വേസ്റ്റ് ബിൻ സ്ഥാപിക്കൽ- തുടർ പ്രവർത്തനങ്ങൾ നടത്തി പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോ.നം. | 164/17 | |
| അടങ്കൽ- | വികസന ഫണ്ട് (13-ാം ധനകാര്യ കമ്മിഷൻഗ്രാന്റ് ) | 227869 |
| | തനത് ഫണ്ട് | 12131 |
| ചെലവ് | വികസന ഫണ്ട്(13-ാം ധനകാര്യ കമ്മിഷൻഗ്രാന്റ് ) | 79960 |

| | | |
|---|---|---|
| ബിൽ നം. | 14/31.3.17 | 79960 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |

പ്ളാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനത്തിനായി വേസ്റ്റ് ബിൻ വാങ്ങി സ്ഥാപിക്കുവാനും ബിന്നുകളിൽ പളാസ്റ്റിക്ക് ശേഖരിക്കുവാനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 'ദിനമിത്ര ബയോഗ്യാസ് പ്ളാന്റ്', ചെങ്ങളം സൗത്ത് എന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെടുകയും 16-17, 17-18 വർഷങ്ങളിലായി ടി ഏജൻസി 60 സ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കുകയും ചെയ്തു. ഇതിനായി 239880രൂപ ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ബിന്നുകളിൽ നിക്ഷേപിക്കുന്ന വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുവാൻ നിലവിൽ സംവിധാനമില്ല. ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിയ്ക്കുമ്പോൾ ടി പ്ളാസ്റ്റിക്ക് മാലിന്യം അവിടേയ്ക്ക് മാറ്റുവാനായാണ് ഉദ്ദേശിച്ചിട്ടുള്ളത്. ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് വേസ്റ്റുകളുടെ നിർമ്മാർജ്ജനം/സംസ്കരണം എന്നിവ സംബന്ധിച്ച് വ്യക്തമാക്കാതെ പ്രോജക്ട് ആവിഷ്ക്കരിച്ചത് ശരിയായ നടപടിയല്ല. ബ്ലോക്ക് പഞ്ചായത്തിൽ ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ശേഖരിക്കപ്പെടുന്ന വേസ്റ്റുകൾ ബിന്നുകളിൽ തന്നെ നിക്ഷേപിക്കുന്ന അവസ്ഥയാണ്. ടി വേസ്റ്റു ബിന്നുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ കൃത്യമായി നിർമ്മാർജ്ജനം ചെയ്യുവാൻ ആവശ്യമായ തുടർ പ്രോജക്ടുകൾ വരും വർഷങ്ങളിൽ ആവിഷ്ക്കരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ 2016-17 വർഷം മേൽ പ്രോജക്ടിനായുള്ള 79960/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 മരാമത്ത് വേലകൾ- ഫയലുകളിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്തുവേലകളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തിനിർവ്വഹണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലും ബിൽ തയ്യാറാക്കിയതിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റിക്കവറി തുകകൾ അടവാക്കിയ രേഖകളില്ല.

പ്രവൃത്തികളുടെ വേലമൂല്യത്തെ അടിസ്ഥാനമാക്കി നിയമാനുസരണം നിശ്ചിത ശതമാനം തുക വാറ്റ്, ആദായനികുതി, തൊഴിലാളിക്ഷേമനിധിവിഹിതം എന്നീയിനങ്ങളിൽ കരാറുകാർ/കൺവീനർമാരുടെ ബിൽതുകയിൽ നിന്നും കിഴിവുചെയ്യുന്നുണ്ടെങ്കിലും പ്രസ്തുത റിക്കവറി തുകകൾ അടവാക്കിയചെലാൻ പകർപ്പുകളോ ചെക്ക്/ഡി.ഡി പകർപ്പുകളോ വർക്ക് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ട്രഷറിയിലെ തിരക്കുമൂലം ബന്ധപ്പെട്ട ചെലാൻപകർപ്പുകൾ ലഭ്യമായിരുന്നില്ലെന്നും ആയത് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ ആകെചെലവ് വ്യക്തമാക്കുന്ന എല്ലാ രേഖകളും ബന്ധപ്പെട്ട പ്രോജക്ട് ഫയലുകളിൽത്തന്നെ സൂക്ഷിക്കുന്നതിനും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

2. റിക്കവറി കണക്കാക്കുന്നതിന് യഥാർത്ഥവേലമൂല്യം അടിസ്ഥാനമാക്കിയില്ല.

ആകെ പ്രവൃത്തിമൂല്യത്തിൽനിന്നും ടെൻഡർവ്യതിയാനം കിഴിച്ചുള്ള തുകയിൻമേലാണ് റിക്കവറികൾ കണക്കാക്കേണ്ടത് എന്നിരിക്കെ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽ നിന്നും നിയമാനുസരണം ഈടാക്കേണ്ട ഫൈൻതുക കൂടി കുറവുചെയ്തതിനുശേഷമാണ് റിക്കവറി കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ റിക്കവറിയിനത്തിൽ കണക്കാക്കിയ തുക കുറവു വരുന്നതിനിടയായി.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ആകെ മൂല്യം | റിക്കവറി കണക്കാക്കേണ്ടത് | കണക്കാക്കിയത് |
|---|---|---|---|
| പൈക്ക പ്രോജക്ട് | 471638 | വാറ്റ് (5%) -23582<br>തൊഴിലാളി വിഹിതം<br>(1%) -4716<br>ആദായനികുതി -9432 | 23346<br>4669<br>9338 |

| | | | |
|---|---|---|---|
| കാണക്കാരി കമ്മ്യൂണിറ്റിഹാൾ സീലിംഗ്, ടോയ്‌ലറ്റ് | 116573 | വാറ്റ് (5%) -5828<br>തൊഴിലാളി വിഹിതം<br>(1%) -1166<br>ആദായനികുതി (2%) -2331 | 5337<br>1107<br>2215 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റിന് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയയതിൽപ്രവൃത്തിമൂല്യത്തിൽ നിന്നും ഫൈൻതുക കുറവുചെയ്തതിനുശേഷമുള്ള തുകയാണ് റിക്വിസിഷൻ നൽകിയിരുന്നതെന്നും ഫൈൻ ഇനത്തിലുള്ള തുക ബന്ധപ്പെട്ട അക്കൗണ്ടിൽത്തന്നെ നിലനിൽക്കുന്നതിനാൽ സർക്കാരിന് നഷ്ടമുണ്ടായിട്ടില്ലെന്നും വ്യക്തമാക്കുകയുണ്ടായി. പൊതുമരാമത്ത്നിയമപ്രകാരം പ്രവത്തികളുടെ ആകെ മൂല്യത്തെ അടിസ്ഥാനമാക്കിയാണ് റിക്കവറികൾ കണക്കാക്കേണ്ടത്. റിക്കവറികൾ കുറവ് ചെയ്തതിനുശേഷമുള്ള തുകയിൽനിന്നും ഫൈൻതുക കിഴിച്ചാണ് കരാറുകാരന് നൽകാനുള്ള അറ്റതുക കണക്കാക്കേണ്ടത്. കൂടാതെ തദ്ദേസസ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827 / എഫ്.എം /07 നമ്പർ സർക്കുലർ അനുസരിച്ച് കരാറുകാരനിൽനിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത്ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്. ആയതിനാൽ മരാമത്തുവേലകളുടെ ബില്ലുകൾ തയ്യാറാക്കുമ്പോൾ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കിയില്ല.

ധനകാര്യവകുപ്പിന്റെ 28-9-15-ലെ ജി.ഓ.(പി) നം. 429/15 പ്രകാരം 1 എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 11 മുതൽ 25 ശതമാനം വരെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന കരാറുകാരിൽ നിന്നും അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കേണ്ടതാണ്. തൻവർഷം നടപ്പാക്കിയ കളരിപ്പടി- ഐക്കരപ്പടി റോഡ് മെയിന്റനൻസ് എന്ന പ്രോജക്ടിന്റെ അംഗീകരിച്ച ടെൻഡർ 18.7% കുറഞ്ഞനിരക്കിലുള്ളതായിരുന്നു. എന്നാൽ മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്നും അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കിയിട്ടില്ല.

പ്രസ്തുത വർക്കിന്റെ കരാറുകാരനിൽനിന്നും അഡീഷമൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കിയിട്ടുണ്ടെന്നും ആയത് ഓഡിറ്റിൽ ഹാജരാക്കുന്നതിന് ഓവർസിയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയെങ്കിലും ഓഡിറ്റ് പൂർത്തീകരിക്കുന്ന തീയതിവരേയും ഹാജരാക്കിയിരുന്നില്ല.

4. ഫൈൻ കണക്കാക്കുന്നതിന് കരാർതുക അടിസ്ഥാനമാക്കിയില്ല.

പൊതുമരാമത്ത് പ്രവൃത്തികൾ കരാർപ്രകാരമുള്ള നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരിൽനിന്നും നിയമാനുസൃതഫൈൻ ഈടാക്കേണ്ടത് കരാർതുകയെ അടിസ്ഥാനമാക്കിയാണ്. എന്നാൽഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ മരാമത്തുവേലകളിൽ ഫൈൻ കണക്കാക്കിയത് പ്രവൃത്തിയുടെ വേലമൂല്യത്തെ അടിസ്ഥാനമാക്കിയാണ്.ഉദഹരണങ്ങൾ, പ്രോ,നം-91/17കളരിപ്പടി-ഐക്കരപ്പടി റോഡ് മെയിന്റനൻസ്, പ്രോ.നം.20/17 മേത്താനി-മാമൻചിറ റോഡ് സൈഡ്കെട്ട് എന്നിവ.

## 3-10 35,120/- രൂപയുടെ ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൾ |
| പ്രോജക്ട് നം.; വർഷം | S0109/17; 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ |
| അടങ്കൽ തുക | 2.5 ലക്ഷം (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ചെലവ് തുക | 2.5 ലക്ഷം രൂപ |
| ചെലവ് വിശദാംശം | ബിൽ നം.1/2016-17/13.12.2016<br>DD No.295341 Dated 15.12.2016 |

ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങലിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ 2.5 ലക്ഷം രൂപ Kerala State Homeopathic Co-Operative Pharmacy Ltd., Pathirappally, Alappuzha-688521 എന്ന സ്ഥാപനത്തിൽ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന അടവാക്കി(Order No.3/17/GHDK Dated 01.01.2017). തുക കൈപ്പറ്റിയതായി സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് നം.2317/06.01.2017 ലഭ്യമായിട്ടുണ്ട്. എന്നാൽ നാളിതുവരെ

214,880/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഹോമിയോ ഡിസ്പൻസറിക്ക് ലഭ്യമായത്(Tax Invoice No.LF-136 Dated 30.05.2017). 35,120/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കുന്നത് വരെ 35,120/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ആയുർവേദ മരുന്നുകൾ പൂർണമായും ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ഡിസ്പൻസറി-ജനറൽ വിഭാഗം മരുന്ന് വാങ്ങൽ |
| പ്രോജക്റ്റ് നം.; വർഷം | S0110/17; 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം |
| അടങ്കൽ തുക | 5.3 ലക്ഷം (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ചെലവ് തുക | 5.3 ലക്ഷം രൂപ |
| ചെലവ് വിശദാംശം | ബിൽ നം.1/2016-17/26.10.2016 DD No.295031/27.10.2016 -3.3 ലക്ഷം<br>ബിൽ നം.3/2016-17/29.03.2017-Online Transfer -2 ലക്ഷം |

ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങലിനായി തയ്യാറാക്കിയ മേൽ പ്രോജക്റ്റിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ രണ്ട് ഘട്ടങ്ങളായി ആകെ 5.3 ലക്ഷം രൂപ The Pharmaceutical Corporation (IM) Kerala Ltd., Kuttanellur, Thrissur-680014(ഔഷധി) എന്ന സ്ഥാപനത്തിൽ അടവാക്കി. ഒന്നാം ഘട്ടത്തിൽ അടവാക്കിയ 3.3 ലക്ഷം രൂപയുടെ മരുന്നുകൾ ഡിസ്പൻസറിക്ക് ലഭ്യമായിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിൽ പെർഫോമ ഇൻവോയ്സ് നം.1946/27.03.2016 പ്രകാരം ഔഷധിയിൽ അടവാക്കിയ 2 ലക്ഷം രൂപയിൽ (കൈപ്പറ്റ് രസീത് നം.1033/4218 /18.04.2017) ആകെ 122,075/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായത് (Invoice No.9002376/30.06.2017 പ്രകാരം). 77,925/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കുന്നത് വരെ 77,925/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 പ്രത്യക ആവശ്യത്തിനുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകളും ഗുണഭോക്തൃവിഹിതവും ബാധ്യതയായി അവശേഷിക്കുന്നു. പ്രസ്തുത ഗ്രാന്റുകൾ ലഭ്യമായതിന്റെ ഉദ്ദേശ്യം ബന്ധപ്പെട്ട രജിസ്റ്ററിൽ ലഭ്യമല്ല. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെയും നീക്കിയിരിപ്പ് തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് | തുക |
|---|---|---|---|
| 1. | 320100115 | Centrally Sponsored Scheme-TSC | 156,550/- |
| 2. | 320100116 | Centrally Sponsored Scheme-SSA | 118,025/- |
| 3. | 320200309 | Literacy Scheme Grant | 1,192/- |
| 4. | 320200399 | Grants,Funds & Contribution for Specific Purposes | 460,838/- |
| 5. | 320700104 | Contribution for Joint Venture Projects-Block | 34,577/- |
| 6. | 320800101 | Beneficiary Contributions | 22,235/- |

മേൽവിവരിച്ച ഗ്രാന്റ് തുകകളും ഗുണഭോക്തൃവിഹിതവും നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിച്ച് പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ നടപടികൾ പൂർത്തീകരിച്ച് വിശദാംശം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-13 കന്നുകുട്ടി പരിപാലനം

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം (വനിത) |
| പ്രോജക്റ്റ് നം.; വർഷം | S0104/17; 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

| | |
|---|---|
| അടങ്കൽ | 8 ലക്ഷം രൂപ (2 ലക്ഷം വികസനഫണ്ട് - ജനറൽ, 2 ലക്ഷം സംസ്ഥാനാവിഷ്കൃത ഫണ്ട്, 4 ലക്ഷം ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | 200,000/- രൂപ |
| ചെലവ് വിശദാംശം | Bill No.000161(II/2016-17)/25.01.2017 |

മേൽ പ്രോജക്ടിൽ കന്നുകുട്ടി പരിപാലനം ഫീഡ് സബ്സിഡി തുകയായ 6,250/- രൂപ വീതം 32 ഗുണഭോക്താക്കൾക്ക് ആകെ 200,000/- രൂപ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. Assistant Director, Calf Feed Subsidy Programme, Kottayam ഓഫീസറുടെ 708011400000050 നം. ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്കാണ് ഓൺലൈൻ ട്രാൻസ്ഫറായി തുക നൽകിയിരിക്കുന്നത്. പ്രസ്തുത പ്രോജക്ട് 32 മാസങ്ങൾകൊണ്ടുമാണ് പൂർത്തിയാകുന്നത്. ഏപ്രിൽ 2017 ൽ ആരംഭിച്ച പ്രോജക്ട് ഓഡിറ്റ് സമയത്ത് 5 മാസം ഫീഡ് വിതരണം പൂർത്തിയാക്കിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ അറിയിച്ചു. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ല പ്രോജക്ട് ഓഫീസറുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ വരെ വികസന ഫണ്ടിൽ നിന്നുള്ള 200,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 മീഡിയാശ്രീപദ്ധതി- വീഡിയോഡോക്കുമെന്റേഷൻറെ സി.ഡി നാളിതുവരെ ലഭ്യമായിട്ടില്ല

മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 2015-16 വാർഷികപദ്ധതിയിൽപ്പെടുത്തി 65000/- (പ്രോജക്ട്നം.97/15-16) രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിരുന്നതാണ്. ഡോക്കുമെന്റേഷൻ പൂർത്തിയാക്കി ഇതുസംബന്ധിച്ച സി.ഡി നാളിതുവരെ പഞ്ചായത്തിന് ലബ്യമാക്കിയിട്ടില്ല. ആയതിനാൽ കുടുംബശ്രീ ജില്ലാമിഷൻ ഓഫീസുമായി ബന്ധപ്പെട്ട് സി.ഡി.ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തപ്പെടാതെ സ്കൂളുകളും അങ്കനവാടികളും പ്രവർത്തിച്ചു

പൊതുവിദ്യാഭ്യാസവകുപ്പിന്റെ 1.6.2007ലെ ജി.ഒ.(ആർ.ടി)2427/2007 നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എൻജിനീയർമാർ സ്കൂളുകളിൽ പരിശോധന നടത്തേണ്ടതും കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 2016-17 വർഷം, ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നസ് സാക്ഷ്യപത്രം ഇല്ലാതതെയാണ് പ്രവർത്തിച്ചിരുന്നത്.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1) | ഗവ.ഹൈസ്കൂൾ,കാണക്കാരി |
| 2) | ഗവ.ഹയർസെക്കന്ററി സ്കൂൾ,കാണക്കാരി |
| 3) | എബനൈസർ ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂൾ |
| 4) | സെന്റ്മേരീസ് യു.പി.എസ്,കളത്തൂർ |
| 5) | സി.എസ്.ഐ.കോളേജ് ഫോർ ലീഗൽ സ്റ്റഡീസ്,കാണക്കാരി |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളുടേയും (സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് ഉൾപ്പെടെ) ഫിറ്റ്നസ് പരിശോധന അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപായി നടത്തേണ്ടതും ഇത് സംബന്ധിച്ച അപേക്ഷകൾ സാക്ഷ്യപത്രത്തോടൊപ്പം വർഷം തിരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസ് ശരിയായ ശീർഷകത്തിൽ അടവാക്കിയില്ല

പഞ്ചായത്ത് പരിധിയിലുള്ള സ്കൂൾകെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വപരിശോധനയുമായി ബന്ധപ്പെട്ട് ഈടാക്കുന്ന ഫീസ് 0515-00-800-93 എന്ന കണക്ക് ശീർഷകത്തിലാണ് അടവാക്കേണ്ടത്. എന്നാൽ സെന്റ്തോമസ്,യു.പി.എസ്.കുറുമള്ളൂർ,സെന്റ് ബോണാഫേസ് യു.പി.എസ് എന്നീ സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

ഫീസ് 8782-102-97-PWD (III) എന്ന ശീർഷകത്തിൽ അടവാക്കിക്കാണുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

സി) അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വപരിശോധന നടത്തി ഫിറ്റ്നസ് സാക്ഷ്യപത്രം നൽകിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും സുരക്ഷിതത്വം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2016-17 വർഷം, ഗ്രാമപഞ്ചായത്തിലെ 22 അങ്കണവാടികളും കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്.

## 3-16 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി പ്രകാരം 2016-17 വർഷം തൊഴിൽ കാർഡിന് അപേക്ഷിച്ച 129 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം 897 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിക്കുകയും തൊഴിൽ ഡിമാന്റ് ചെയ്യുകയും ചെയ്തു. തൻവർഷത്തെ ലേബർ ബജറ്റ് പ്രകാരം 135 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 135 എണ്ണത്തിനും സാങ്കേതികാനുമതി ലഭിക്കുകയും 118എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 30000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് മണ്ണുജലസംരക്ഷണപ്രവർത്തികൾ, തോടുകൾ ആഴം കൂട്ടൽ ,നീർത്തട പ്രവർത്തികൾ എന്നീ പ്രവർത്തികളാണ് നടത്തിയിട്ടുള്ളത്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

പഞ്ചായത്തിന് 2016-17 വർഷം സംയുക്ത പ്രോജക്ടുകൾക്കായി 5 ലക്ഷം രൂപ ലഭിക്കുകയും മുഴുവൻതുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിന്റ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക(രൂപ) | പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 09.03.2017 | 200,000/- | S0117/17-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200,000/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 31.03.2017 | 200,000/- | | 200,000/- | 0 |
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 14.03.2017 | 100,000/- | S0133/17-ക്ഷീരസംഘങ്ങൾ മുഖേന ശേഖരിക്കുന്ന പാലിന് സബ്സിഡി | 100,000/- | 0 |

S0117/17 നം. പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 2 ലക്ഷം രൂപ ചെലവഴിച്ചത് പഞ്ചായത്തിന്റെ സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം ധനകാര്യ വകുപ്പിന്റെ 23.01.2017-ലെ G.O.(P) No.7/2017/Fin നം. ഉത്തരവിലെ നിർദ്ദേശപ്രകാരം ഏറ്റുമാനൂർ സബ് ട്രഷറിയിലെ പ്രത്യേക ട്രഷറി അക്കൗണ്ടിലൂടെയാണ് നടത്തുന്നത് (TSB Account No.799011400001070).

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ധനകാര്യ പത്രിക പ്രകാരം 2016-17 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂറായി തുകയൊന്നും നൽകിയിട്ടില്ല. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം മുൻ വർഷങ്ങളിൽ ജല അതോറിറ്റിയിൽ നിക്ഷേപിച്ച 474,000/- രൂപയും കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 308,674/- രൂപയും അവശേഷിക്കുന്നുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ 330500102-Secured Loan from Co-Operative Banks എന്ന കണക്ക് ശീർഷകത്തിലാണ് വായ്പ തുകയുടെ വിനിമയം അക്കൗണ്ട് ചെയ്യുന്നത്. തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. 09.03.2017-ൽ 1,046,054/- രൂപ തിരികെ അടവാക്കിയിട്ടുണ്ട്(പ്രോജക്ട് നം.S0163/17). വായ്പ കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2017 വരെ വായ്പ എടുത്ത തുക | 01.04.2016-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2016-17 തിരിച്ചടച്ച തുക(മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി.) നം.725/2010 /തസ്വഭവ 04.03.2010 | കാണക്കാരിഎസ്.സി.ബി. ലിമിറ്റഡ് നം.3831, വെമ്പള്ളി ശാഖ A/C No. 0142010000001 | 10,651,687/- | 3,491,858/- | 1,046,054/- | 2,445,804/- |

വായ്പ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 09.01.2017 തീയതിയിൽ പലിശയിനത്തിൽ 1,562,702/- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ടി തുക സർക്കാരിൽ നിന്നും ലഭിക്കേണ്ടതായിരുന്നു. 23.04.2015-ന ശേഷം പലിശയിനത്തിൽ തുകയൊന്നും സർക്കാരിൽ നിന്നും അടവാക്കിയിട്ടില്ല. സർക്കാരിൽ നിന്നും ലഭിക്കേണ്ട പലിശയിനത്തിലുള്ള തുക ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ഥിരനിക്ഷേപമായി തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകൾ പ്രകാരം ഈയിനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും അടവാക്കിയിട്ടില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര് തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃതഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3, 3-5 | 2009-10 | 2-8 | കെ.എസ്.ഇ.ബി. നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | 30.09.2013 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചു. എൽ.എഫ്.എ.സി. 2014-16, 52-ാമത് റിപ്പോർട്ട് ഖ.53 പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52,409,634/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45,078,881/- |
| വരവിനങ്ങളിലുള്ള നഷ്ടം | 1,250/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 725433 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 2-6 | 1,250/- | - | ശ്രീ കെ. ആർ രാധാകൃഷ്ണൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 332428 | ശ്രീ.കെ.ബി.സനീഷ്, അസി.എഞ്ചിനീയർ |
| 3-8 | 79960 | ശ്രീ.ബെന്നി ജേക്കബ്, സെക്രട്ടറി |
| 3-10 | 35,120/- | ഡോ. സുമ, മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 3-11 | 77,925/- | ഡോ. ആശാമോൾ റ്റി. സി., മെഡിക്കൽ ഓഫീസർ-ആയുർവേദം |
| 3-13 | 200,000/- | ഡോ. ജയദേവൻ, വെറ്റിനറി സർജൻ |
| ആകെ | 725433 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം - നഷ്ടം ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഖണ്ഡിക 2-1, 2-7

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ. ആർ രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, അകലക്കുന്നം ഗ്രാമപഞ്ചായത്ത് | കിഴക്കേക്കര വീട്, കൂരോപ്പട പി.ഒ., കോട്ടയം-686502 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1997-98ചെലവ് | നം.എൽ.എഫ്.കെ.പി.2/347/99/10.05.99/03.04.00 | 9 |
| 1999-00 | നം.എൽ.എഫ്.കെ.പി.2/638/01/11.06.04 | 29 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി.4/863/02/30.04.03/11.07.03 | 26 |
| 2000-01,2001-02 | നംഎൽ.എഫ്.കെ.പി.8/32/04/15.05.04/2.6.04 | 16 |
| 2000-01 | നം.എൽ.എഫ്.കെ.പി.10/826/22.02.02/07.03.07 | |
| 1996-97 വരവ് | നം.എൽ.എഫ്.കെ.പി.10/1416/07/29.11.08/5.02.09 | |
| 2002-03ചെലവ് | നം.എൽ.എഫ്.കെ.പി.4/807/04/22.02.07 | 26 |
| 2002-03ഡി.സി.ബി | നം.എൽ.എഫ്.കെ.പി.10/1423/07/29.11.08/05.02.09 | 01 |
| 2003-04 (ചെലവ്) | നം.എൽ.എഫ്.കെ.പി.10/120/06/06.11.07 | 14 |
| 2003-04 (ഡി.സി.ബി) | നം.എൽ.എഫ്.കെ.പി.10/1424/07/29.11.08/05.02.09 | |
| 2004-05 | നം.എൽ.എഫ്.കെ.പി1/h2(7)/21.02.11 | 10 |
| 2005-06 | നം.എൽ.എഫ്.കെ.പി1/h2(8)/21.02.11 | 6 |
| 2006-07 | നം.എൽ.എഫ്.കെ.പി.4/403/16/19.04.16 | 11 |
| 2007-08 | നം.എൽ.എഫ്.കെ.പി.4/402/16/19.04.16 | 4 |
| 2008-09 | നം.എൽ.എഫ്.കെ.പി.4/401/16/19.04.16 | 3 |
| 2009-10 | നം.എൽ.എഫ്.കെ.പി.4/400/16/19.04.16 | 3 |
| 2010-11 | നം.എ.ൽ.എഫ്.കെ.പി.4/1525/13/06.12.13 | |
| 2011-12 | നം.എൽ.എഫ്.കെ.പി.4/399/16/19.04.16 | 15 |
| 2012-13 | നം.എൽ.എഫ്.കെ.പി.4/118/14/08.09.15 | 23 |

| | | |
|---|---|---|
| 2013-14 | നം.എൽ.എഫ്.കെ.പി.4/1248/14/03.09.15 | 16 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി4-971/16, 14.7.16/21.7.16 | 18 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി4-1512/16/21.02.2017 | 10 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2016-17

നം.കെ.എസ്.എ.-കെ.ടി.എം.പി4-1526/2017 തീയതി : 20.10.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 04812564886

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -2

### നോട്ടിഫിക്കേഷനിലെ പിഴവ് മൂലം അടിസ്ഥാനവസ്തുനികുതിനിർണയത്തിൽ കുറവ് വന്നതിന്റെ വിവരം (ഉദാഹരണങ്ങൾ)

| ക്രമനം | ഉപയോഗക്രമം | വാർഡ് / കെട്ടിടനം/ നികുതി നിർണ്ണയിച്ച വർഷം | ഉടമ | കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | | | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (രൂപ)/നിരക്ക് | അടിസ്ഥാന വസ്തുനികുതിയിൽ കുറവ് (രൂപ) |
|---|---|---|---|---|---|---|---|---|
| | | | | തറ വിസ്തീർണം (ച.മീ) | നിരക്ക് (രൂപ) | ആകെ (രൂപ) | | |
| 1 | വാണിജ്യാവശ്യം (200 ച.മീ. മുകളിൽ) | 15/70/എ (2013-14 1st) | ബീന വിഷ്ണു വി.ബി.ഹൗസ് | 2220 | 70 | 155400 | 177600/80 | 22200 |
| 2 | വാണിജ്യാവശ്യം (200 ച.മീ. മുകളിൽ) | 15/70/ബി (2016 2nd ) | ബീന വിഷ്ണു വി.ബി.ഹൗസ് | 230.32 | 70 | 16122.4 | 18425.6/80 | 2303.2 |
| 3 | വാണിജ്യാവശ്യം (200 ച.മീ. വരെ) | 7/171/എ (2013-14 1st) | ലിസി ജോസഫ് ആനത്തിൽ | 150 | 30 | 4500 | 7500/50 | 3000 |
| 4 | വാണിജ്യാവശ്യം (200 ച.മീ. വരെ) സൂപ്പർമാർക്കറ്റ് | 7/416/എ (2013-14 1st) | എം.സി ജോഷി മരങ്ങോലിൽ | 191.24 | 30 | 5737.2 | 9562/50 | 3824.8 |
| 5 | വാണിജ്യാവശ്യം (200 ച.മീ. വരെ) സൂപ്പർമാർക്കറ്റ് | 15/22/എ (2013-14 1st) | ജോൺസൻ എൻ.എ നെട്ടംപറമ്പിൽ | 210 | 30 | 6300 | 10500/50 | 4200 |
| 6 | വാണിജ്യാവശ്യം (100 ച.മീ. മുകളിൽ) ഹോട്ടൽ | 15/22 (2013-14 1st) | മാത്യു ജോർജ്, ഏലിയാമ്മ കുര്യൻ പുന്നത്താനത്ത് | 210 | 50 | 10500 | 12600/60 | 2100 |
| 7 | വാണിജ്യാവശ്യം (100 ച.മീ. മുകളിൽ) ഷോപ്പുകൾ | 8/306/എ | സുകുമാരൻ മരുതെക്കേതിൽ | 177.82 | 50 | 8891 | 10669.2/60 | 1778.2 |
| 8 | വാണിജ്യാവശ്യം (200 ച.മീ. മുകളിൽ) | 15/17/ബി (2016-17 | ജോമോൻ പി. കുര്യാക്കോസ് | 267 | 70 | 18690 | 21360/80 | 2670 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സൂപ്പർമാർക്കറ്റ് | 2nd ) | പെരലക്കമറ്റത്തിൽ | | | | | |
| 9 | ഓഫീസ് ആവശ്യത്തിനുള്ളവ | 8/53 (2015-16 2nd ) | സെക്രട്ടറി , സർവീസ് സഹകരണ ബാങ്ക് | 120 | 30 | 3600 | 4800/40 | 1200 |
| 10 | ഓഫീസ് ആവശ്യത്തിനുള്ളവ | 8/54 (2015-16 2nd ) | സെക്രട്ടറി , സർവീസ് സഹകരണ ബാങ്ക് | 232 | 30 | 6960 | 9280/40 | 2320 |
| 11 | വാണിജ്യാവശ്യം 100 ചതുരശ്ര മീറ്ററിന് മുകളിൽ (ഹോട്ടൽ) | 15/20/A (2013-14 1st) | പ്രദീപ് കുമാർ കെ | 168 | 50 | 8400 | 10080/60 | 1600 |
| 12 | വാണിജ്യാവശ്യം 100 ചതുരശ്ര മീറ്ററിന് താഴെ ഷോപ്പുകൾ | 10/14/A (2015-16 1st ) | ബിനോയി ജോസഫ്, മുരിക്കുനിൽക്കു കാലായിൽ | 86.48 | 30 | 2594.4 | 3459.2/40 | 864.8 |
| 13 | വാണിജ്യാവശ്യം 100 ചതുരശ്രമീറ്ററിന് താഴെ | 15/447/A (2013-14 1st) | കെ.ജി. ചന്ദ്രശേഖരൻ, കളപ്പുരയ്ക്കൽ (ഷോപ്പുകൾ) | 249 | 30 | 7470 | 14940 (100 ന് മുകളിൽ @ 60) | 7470 |
| 14 | വാണിജ്യാവശ്യം 100 ചതുരശ്രമീറ്ററിന് താഴെ | 15/447/D (2016-17 1st) | കെ.ജി. ചന്ദ്രശേഖരൻ, കളപ്പുരയ്ക്കൽ (ഷോപ്പുകൾ) | 133.6 | 30 | 4008 | 8016 (100 ന് മുകളിൽ @ 60 | 4008 |
| 15 | ഓഫീസ് ആവശ്യത്തിന് | 8/383/A | പ്രസിഡന്റ്, ക്നാനായ ഹൃദ്യസ്യ ക്ലബ് | 242.07 | 30 | 7262.1 | 9682.8/40 | 2420.7 |
| 16 | ഓഫീസ് ആവശ്യത്തിന് | 8/460 (2013-14 1st) | വി.എം.ജോൺ (കമ്പ്യൂട്ടർ സെന്റർ) | 30.02 | 30 | 900.6 | 1836/60 | 935 |
| 17 | ഓഫീസ് ആവശ്യത്തിന് | 15/88 (2013-14 1st) | മാത്യു ജോസഫ്, പാറപ്പടവിൽ (ഫ്യൂവൽ സ്റ്റേഷൻ) | 61.44 | 30 | 1843.2 | 3686.4/40 | 1843.2 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം